VOL NO: 10 I ISSUE 37

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 SEPTEMBER 12 I ₹10



# പടവാളും തൂലികയും: രാജ്യങ്ങളുടെയും രചനകളുടെയും ചരിത്രവഴികൾ

ചരിത്രത്തിന്റെ ഏടുകളിൽ സാമ്രാജ്യങ്ങളുടെ ഉദയാസ്തമയങ്ങൾ ആയുധങ്ങളുടെ മൂർച്ചയെ മാത്രം ആശ്രയിച്ചായിരുന്നില്ല. വാൾ മനുഷ്യരിൽ താൽക്കാലികമായ ഭയം സൃഷ്ടിക്കുമ്പോൾ, തൂലിക തലമുറകളിൽ ശാശ്വതമായ പ്രബുദ്ധതയും ചിന്താവിപ്ലവവുമാണ് നിർമിച്ചു കൊണ്ടിരിക്കുന്നത്. വാൾ ഒരൊറ്റ ശരീരത്തിൽ മാത്രം പ്രവർത്തിക്കുമ്പോൾ, തൂലിക വരാനിരിക്കുന്ന അനേകം തലമുറകളിലേക്ക് ആഴത്തിൽ തുളച്ചുകയറുന്നു. അതെ, എഴുത്തുകാരൻ തന്റെ പേന കയ്യിലെടുക്കുമ്പോൾ കോട്ടകൾ കീഴടക്കുന്ന യോദ്ധാവിനെക്കാൾ വലിയ ഉത്തരവാദിത്തമാണ് നിർവഹിക്കുന്നത്.

## അന്തിച്ചർച്ചകളിലെ പൊതുബോധ നിർമിതികൾ

---

## ചീറ്റിപ്പോയ ‘ബിഗ്’ തന്ത്രം

---

## ഫെമിനിസവും ഇസ്‌ലാമിക തത്ത്വങ്ങളും

ഡോ. ഹിസാന ജഹാൻ • ഡോ. ഇ യൂസുഫ് നദ്‌വി ഓച്ചിറ • ശമീർ മദീനി




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

503

# നേർപഥം വാരിക

2026 സെപ്തംബർ 12
1448 റബീഉൽ ആഖിർ 01
പുസ്തകം 10 / ലക്കം 37

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**






**04** കാഴ്ച
അന്തിച്ചർച്ചകളിലെ പൊതുബോധ നിർമിതികൾ
അബൂ ഫായിദ

**05** മുഖമൊഴി
ചീറ്റിപ്പോയ 'ബിഗ്' തന്ത്രം

**06** വിമർശനം
സമസ്ത; അന്ധവിശ്വാസങ്ങളെ അലങ്കാരമാക്കിയ നൂറു വർഷങ്ങൾ
മൂസ സ്വലാഹി കാര

**18** ലേഖനം
ഫെമിനിസവും ഇസ്‌ലാമിക തത്ത്വങ്ങളും
മുഹമ്മദ് ഫയാസ്, നാദാപുരം

**22** ആരോഗ്യപഥം
നവജാത ശിശുക്കളിലെ മഞ്ഞപ്പിത്തം
ഡോ. ഹിസാന ജഹാൻ

**26** ലേഖനം
ബാത്വിനിയാക്കളും ഉൾസാര വ്യാഖ്യാനങ്ങളും
ശമീർ മദീനി

**28** പഠനം
ശിയാക്കളുടെ വ്യാജ ഹദീസുകൾ
ഡോ. ടി. കെ. യൂസുഫ്






ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ


ചരിത്രത്തിന്റെ ഏടുകളിൽ സാമ്രാജ്യങ്ങളുടെ ഉദയാസ്തമയങ്ങൾ ആയുധങ്ങളുടെ മൂർച്ചയെ മാത്രം ആശ്രയിച്ചായിരുന്നില്ല. വാൾ മനുഷ്യരിൽ താൽക്കാലികമായ ഭയം സൃഷ്ടിക്കുമ്പോൾ, തൂലിക തലമുറകളിൽ ശാശ്വതമായ പ്രബുദ്ധതയുംചിന്താവിപ്ലവവുമാണ് നിർമിച്ചുകൊണ്ടിരിക്കുന്നത്. വാൾ ഒരൊറ്റ ശരീരത്തിൽ മാത്രം പ്രവർത്തിക്കുമ്പോൾ, തൂലിക വരാനിരിക്കുന്ന അനേകം തലമുറകളിലേക്ക് ആഴത്തിൽ തുളച്ചുകയറുന്നു. അതെ, എഴുത്തുകാരൻ തന്റെ പേന കയ്യിലെടുക്കുമ്പോൾ കോട്ടകൾ കീഴടക്കുന്ന യോദ്ധാവിനെക്കാൾ വലിയ ഉത്തരവാദിത്തമാണ് നിർവഹിക്കുന്നത്.


**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
ശാന്തിമാർഗം
ഷുക്കൂർ കടലുണ്ടി

**34** നമുക്കുചുറ്റും
പ്രശ്ന പരിഹാരം എന്താണ്?
നസീമ വാടാനപ്പള്ളി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# അന്തിച്ചർച്ചകളിലെ പൊതുബോധ നിർമിതികൾ

അബൂ ഫായിദ

സ്ത്രീസ്വാതന്ത്ര്യം സംബന്ധിച്ച കാന്തപുരത്തിന്റെ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ ബിഗ് ടിവി സംഘടിപ്പിച്ച ചാനൽ ചർച്ചയിൽ പങ്കെടുത്ത വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. അബ്ദുല്ല ബാസിലിനെതിരെ പ്രസ്തുത ചർച്ചയുടെ അവതാരക നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് തിടുക്കത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യുകയുണ്ടായി. ചർച്ചയിൽ ഉയർന്നുവന്ന വിഷയങ്ങളും ചർച്ചയുടെ പശ്ചാത്തലവും പരിശോധിക്കാതെ അത്യന്തം വംശീയവും സ്ത്രീവിരുദ്ധവുമായി സംസാരിച്ച അവതാരകയുടെ പരാമർശങ്ങൾക്കെതിരെ പ്രതികരിച്ചതിനാണ് നടപടിയെടുക്കാൻ തീരുമാനിച്ചത്. പൊതുസമൂഹത്തിൽനിന്നുയർന്ന വലിയ പ്രതിഷേധത്തെ തുടർന്ന് നടപടി നിർത്തിവയ്ക്കാൻ അഭ്യന്തരമന്ത്രി ആവശ്യപ്പെട്ടു കഴിഞ്ഞു.

'ആണൊരുത്തൻ കഞ്ചാവടിച്ചാലും എം.ഡി.എം.എ കേസിൽ അറസ്റ്റിലായാലും അന്യന്റെ പെണ്ണ് പിടിച്ചാലും അത് കിതാബിലെ സുന്നത്തെന്ന് കരുതുന്ന മതാചാര്യന്മാരുണ്ട്,' 'അറിവുള്ള പെണ്ണെല്ലാം ഹറാം പിറപ്പോ?,' 'കിതാബിന്റെ സുന്നത്തെല്ലാം പുരുഷനോ?,' 'ജീവിക്കുന്നത് ആറാം നൂറ്റാണ്ടിലോ?'-അവതാരികയുടെ ചില പരാമർശങ്ങളാണിത്.

ഇത്തരം പരാമർശങ്ങൾ നടത്തിയ അവതാരകയോട് ചർച്ചയിൽ തന്നെ തിരുത്താൻ ആവശ്യപ്പെട്ടെങ്കിലും അവർ തന്റെ നിലപാടിൽ ഉറച്ചുനിൽക്കുകയാണുണ്ടായത്. ഇതിനെത്തുടർന്ന് ചർച്ചയുടെ പശ്ചാത്തലത്തിൽ ആശയവിമർശനം സോഷ്യൽ മീഡിയ വഴി നടത്തിയതിനാണ് ബാസിലിനിനെതിരെ വ്യാജ പരാതിയുമായി അപർണ മുന്നോട്ടുവന്നത്.

അവതാരകയുടെ പരാമർശങ്ങൾക്കെതിരെ വ്യാപകമായ പരാതികൾ വന്ന സാഹചര്യത്തിൽ അവർ ഖേദം പ്രകടിപ്പിക്കുകയും പ്രസ്തുത ചർച്ചയുടെ വീഡിയോ പിൻവലിക്കുകയും ചെയ്തെങ്കിലും വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് നിയമനടപടികളിലേക്ക് തിരിയുകയാണ് ചെയ്തത്.

മാധ്യമ ചർച്ചകളിൽ ഏതെങ്കിലും മതത്തെയോ വിശ്വാസങ്ങളെയോ അധിക്ഷേപിക്കുന്ന വിധത്തിലുള്ള പരാമർശങ്ങൾ വരുന്നത് ഒഴിവാക്കുകതന്നെ വേണം. അപമാനിക്കുന്ന പരാമർശങ്ങൾ ആരെങ്കിലും നടത്തിയാൽ അതിനെതിരെ പ്രതികരിക്കുന്നതിനെ വലിയ കുറ്റകൃത്യമായി ചിത്രീകരിക്കുന്നത് അന്യായമാണ്. അവതാരകക്കെതിരെ ആരെങ്കിലും വധഭീഷണി നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തി അവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയാണല്ലോ ചെയ്യേണ്ടത്. ആശയപരമായ വിമർശനങ്ങളെയും അക്കാദമിക ചർച്ചകളെയും സാമൂഹിക ഭീഷണിയായി കാണുന്നത് പ്രബുദ്ധകേരളത്തിനു ഭൂഷണമല്ല.

ഡോ. അബ്ദുല്ല ബാസിലിന്റെ മാതാവിനെയും സഹോദരിയെയും പരസ്യമായി അധിക്ഷേപിച്ച ആരിഫ് ഹുസൈനെതിരെ നൽകിയ രണ്ടു പരാതികളിൽ നടപടിയെടുക്കാതിരിക്കുകയും, വംശീയ പരാമർശം നടത്തിയ വ്യക്തി ബാസിലിനെതിരെ നൽകിയ വ്യാജ പരാതിയിൽ മണിക്കൂറുകൾക്കകം എഫ്.ഐ.ആർ ഇടുകയും ചെയ്ത പോലീസിന്റെ നടപടി നൽകുന്ന സന്ദേശം അത്ര നല്ലതല്ല. മാധ്യമ പ്രവർത്തകയിൽ നിന്നും ഉണ്ടായ വംശീയ അധിക്ഷേപങ്ങൾക്കെതിരെ മൗനം പാലിക്കുകയും അതേസമയം വ്യാജ ആരോപണങ്ങളിൽ പോലീസ് നടപടി ആവശ്യപ്പെട്ട് പരാതി നൽകുകയും ചെയ്ത കേരള പത്രപ്രവർത്തക യൂണിയന്റെ നിലപാടും പ്രതിഷേധാർഹമാണ്.

നാസ്തിക-നവനാസ്തിക ലോബികളുടെയും ചില ലിബറൽ വേഷധാരികളുടെയും നേതൃത്വത്തിൽ കൃത്യമായ അജണ്ടകളോടുകൂടിയുള്ള കടന്നുകയറ്റങ്ങൾ പലപ്പോഴും വേണ്ടത്ര ചർച്ച ചെയ്യപ്പെടാതെ പോകുന്നു. ഒരു സമുദായത്തിന്റെ മാത്രം വിശ്വാസങ്ങളെയും ആചാരങ്ങളെയും തെറ്റായ രീതിയിൽ ചിത്രീകരിച്ച് പൊതുബോധം നിർമിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ആസൂത്രിതമായ നീക്കങ്ങളാണ് ഇതിനു പിന്നിലുള്ളത്. ■

# ചീറ്റിപ്പോയ 'ബിഗ്' തന്ത്രം

ഇന്ത്യ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്, അല്ല കുതിച്ചുകൊണ്ടിരിക്കുകയാണ്; ജനാധിപത്യത്തിൽനിന്ന് ഏകാധിപത്യത്തിലേക്ക്, മതനിരപേക്ഷതയിൽ നിന്ന് മതവർഗീയതയിലേക്ക്, ബഹുസ്വരതയിൽനിന്ന് ഏകശിലാത്മകതയിലേക്ക്!

നെഹ്റുവിന്റെയും ഇന്ദിരാ ഗാന്ധിയുടെയും ഭരണകാലത്ത് നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതികൾ രാജ്യത്തെ എല്ലാ മേഖലകളിലും ഉയരത്തിലെത്തിച്ചു. അക്കാലത്ത് ഭരണാധികാരികളുടെ ചിന്ത രാജ്യത്തിന്റെയും എല്ലാ വിഭാഗം ജനങ്ങളുടെയും സർവോന്മുഖമായ പുരോഗതിയായിരുന്നെങ്കിൽ ഇന്ന് ആ അവസ്ഥ തകിടം മറിഞ്ഞിരിക്കുന്നു; അല്ല തകിടം മറിച്ചിരിക്കുന്നു! രാജ്യത്തിന്റെ ഗതകാല ചരിത്രത്തെ അപനിർമിച്ചുകൊണ്ടിരിക്കുകയാണിന്ന്. സ്വാതന്ത്ര്യ സമരരംഗത്തെ മുൻനിര നേതാക്കളെപോലും അവരുടെ മതം നോക്കി ചരിത്ര പാഠപുസ്തകങ്ങളിൽനിന്ന് വെട്ടിമാറ്റുന്നു. രാഷ്ട്രപിതാവിന്റെ ഘാതകനെ പൂമാലയിട്ടു പൂജിക്കുന്ന തരത്തിലേക്ക് ചില നേതാക്കൾ തരംതാഴ്ന്നിരിക്കുന്നു.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മുസ്‌ലിംകളുടെ വീടുകളും കച്ചവടസ്ഥാപനങ്ങളും അനധികൃതമെന്ന പേരിൽ നിർബാധം ബുൾഡോസറുകൊണ്ട് തകർത്തുകളയുന്നു. പുരാതനമായ പള്ളികളുടെ അടിയിൽ ശിവലിംഗമുണ്ടെന്നോ ക്ഷേത്രം പൊളിച്ച് പള്ളിയുണ്ടാക്കിയതാണെന്നോ ആരെങ്കിലും ഒരു പരാതി കൊടുത്താലുടൻ പള്ളി പൊളിക്കാൻ നീതിപീഠങ്ങൾ ഓർഡറിക്കുന്നു!

അതെ, ഇന്ന് രാജ്യം ഭരിക്കുന്നവർ കടുത്ത വർഗീയതയുടെയും ന്യൂനപക്ഷ-ദലിത് വിരോധത്തിന്റെയും മറ പറ്റിയാണ് നിലനിൽക്കുന്നത്. ന്യൂനപക്ഷ-ദലിത് വിഭാഗങ്ങൾ ഏതു സമയത്തും അക്രമിക്കപ്പെടുകയോ കൊല്ലപ്പെടുകയോ വീടുകൾ തകർക്കപ്പെടുകയോ ചെയ്യുമെന്ന ഭീതിയിലാണ് കഴിഞ്ഞുകൂടുന്നത്. ഭരണകൂടവും പൊലീസും കോടതിയും തുണ നൽകാത്ത ജനവിഭാഗത്തിന്റെ അവസ്ഥയൊന്ന് ആലോചിച്ചുനോക്കുക!

ഇത്തരമൊരവസ്ഥ കേരളത്തിൽ സംജാതമായിട്ടില്ല, ആകാതിരിക്കട്ടെ. എന്നാൽ വളരെ സാവകാശമാണെങ്കിലും അതിലേക്ക് സംസ്ഥാനത്തെ കൊണ്ടെത്തിക്കാനുള്ള ശ്രമങ്ങൾ അണിയറയിൽ നടന്നുവരുന്നുണ്ടെന്നത് കാണാതിരുന്നുകൂടാ. മതനിരപേക്ഷത നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന, വർഗീയ നിലപാടുകളെ എതിർത്തു തോൽപിക്കുവാൻ പ്രതിജ്ഞാബദ്ധരായ പാർട്ടികളും നേതാക്കളും മതസംഘടനകളും സർവോപരി ഉദ്ബുദ്ധരായ ജനങ്ങളുമാണ് ഇവിടെയുള്ളത് എന്നതിനാലാണ് ഫാസിസ്റ്റ് അജണ്ടകൾക്ക് ഇവിടെ കാര്യമായ വേരോട്ടം ലഭിക്കാത്തത്.

എന്നാൽ ഇതൊന്നും വലിയ ആശ്വാസത്തിന് വകനൽകുന്നതല്ല. വൈസ് ചാൻസലർ അടക്കമുള്ള പല കുഞ്ചിക സ്ഥാനങ്ങളിലും സംഘപരിവാറുകാർ അവരോധിക്കപ്പെട്ടിട്ടുണ്ട്. പെൻഷൻ പറ്റിയതിനു ശേഷം തനിനിറം പുറത്തുകാട്ടുന്ന ഉന്നത ഉദ്യോഗസ്ഥരുണ്ട്. ഡിജിപി സ്ഥാനം വഹിച്ച് റിട്ടയറായ ചിലരുടെ കടുത്ത വർഗീയ നിലപാടുകളും ദുരാരോപണങ്ങളും നാം കേട്ടുകൊണ്ടിരിക്കുന്നു.

ആരിഫ് ഹുസൈൻ എന്ന കടുത്ത മുസ്‌ലിം വിരോധി, തന്റെ മാതാവിനെ അതിമ്ലേഛമായി അപമാനിച്ചതിൽ നടപടിയെടുക്കണമെന്ന് ഡോ. അബ്ദുല്ല ബാസിൽ ഉന്നത വൃത്തങ്ങൾക്ക് പരാതി നൽകി ആഴ്ചകൾ കഴിഞ്ഞിട്ടും പരാതി ഫയലിൽ ഉറങ്ങിക്കിടന്നു. ബിഗ് ടിവിയിലെ അവതാരിക മുസ്‌ലിം സമുദായത്തെ കടുത്ത ഭാഷയിൽ വംശീയമായി അധിക്ഷേപിച്ചതിനെതിരെ നൽകിയ പരാതിയും ഫയലിൽനിന്നു പുറത്തുചാടിയില്ല. എന്നാൽ വാദിയെ പ്രതിയാക്കി ജാമ്യമില്ലാ കുറ്റം ചുമത്തുന്ന വിരോധാഭാസത്തിന് മലയാള മണ്ണിന് സാക്ഷ്യം വഹിക്കേണ്ടിവന്നു. ഈ അനീതിക്കെതിരിൽ നാനാതുറകളിൽനിന്നും ശക്തമായ പ്രതിഷേധമുയർന്നപ്പോൾ ശീർഷാസനത്തിലായിരുന്ന സത്യം നേരെ നിൽക്കുന്ന കാഴ്ചയും നാം കണ്ടു. അഭ്യന്തര മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. സത്യവും നീതിയും ഒരിക്കലും കുഴിച്ചുമൂടപ്പെടരുത്.



# സമസ്ത; അന്ധവിശ്വാസങ്ങളെ അലങ്കാരമാക്കിയ നൂറു വർഷങ്ങൾ

മൂസ സ്വലാഹി കാര
: 97473 45768

“സന്തോഷവാർത്ത അറിയിക്കുന്നവരായിക്കൊണ്ടും താക്കീതു നൽകുന്നവരായിക്കൊണ്ടും മാത്രമാണ് നാം ദൂതൻമാരെ നിയോഗിക്കുന്നത്. അവിശ്വസിച്ചവർ മിഥ്യാവാദവുമായി തർക്കിച്ചു കൊണ്ടിരിക്കുന്നു; അതുമൂലം സത്യത്തെ തകർത്തുകളയുവാൻ വേണ്ടി. എന്റെ ദൃഷ്ടാന്തങ്ങളെയും അവർക്ക് നൽകപ്പെട്ട താക്കീതുകളെയും അവർ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു” (ക്വുർആൻ 18:56).

അഹ്‌ലുസ്സുന്ന വൽജമാഅയുടെ വിശ്വാസത്തിനു വിപരീതമായ ആദർശം സ്വീകരിച്ചും ശിയാക്കളും സ്വൂഫികളും സമൂഹത്തിൽ അരക്കിട്ടുറപ്പിച്ച അന്ധവിശ്വാസങ്ങൾ വാരിപ്പുണർന്നും മുന്നോട്ടു പോകുന്ന സമസ്തക്കാർ ‘നൂറു കൊല്ലമായി സത്യത്തിന് കാവലിരിക്കുന്നു’ എന്ന അവകാശവാദം ഉന്നയിക്കുന്നത് കാണുമ്പോൾ സഹതാപമാണു തോന്നുന്നത്. സമസ്തയുടെ ജിഹ്വയായ ‘സുന്നിവോയ്സ്’ 2026 ജൂൺ 16-31 ലക്കത്തിൽ ‘സമസ്ത: വിശ്വാസത്തിന് കാവലിരുന്ന 100 വർഷങ്ങൾ’ എന്ന ലേഖനത്തിലെ ജൽപനങ്ങൾ സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

അല്ലാഹുവിനു മാത്രം അവകാശപ്പെട്ട കാര്യങ്ങൾ അവന്റെ അടിമകൾക്ക് വകവച്ചുകൊടുക്കുവാനുള്ള പരിശ്രമത്തിലാണ് ഇക്കൂട്ടർ 100 വർഷം ചെലവഴിച്ചത് എന്നതാണു വാസ്തവം. എന്നാൽ തങ്ങൾ അഹ്‌ലുസ്സുന്നയുടെ വിശ്വാസമാണ് സംരക്ഷിച്ചുപോരുന്നത് എന്നാണ് ലേഖനത്തിലൂടെ സമർഥിക്കാൻ ശ്രമിക്കുന്നത്.

## നിർമിത ആശയക്കാരുടെ പൊയ്‌വെടികൾ

മുസ്‌ലിയാർ എഴുതുന്നു: “ആദർശ സംരക്ഷണത്തിന് വേണ്ടി രൂപീകരിക്കപ്പെട്ട സമസ്ത ആ ദൗത്യം വളരെ ഭംഗിയായി നിർവ്വഹിച്ചു.

അഹ്‌ലുസ്സുന്നയുടെ വിരോധികളെ പ്രാമാണികമായി പണ്ഡിതർ പരാജയപ്പെടുത്തി. സമസ്തയുടെ ഐതിഹാസികമായ സമ്മേളനങ്ങൾ സുന്നത്ത് ജമാഅത്തിന്റെ വിരോധികൾക്കുള്ള മറുപടിയായിരുന്നു" (പേജ് 29).

അഹ്‌ലുസ്സുന്നയുടെ വക്താക്കളോട് തീരാത്ത വിരോധം തുടരുന്ന സമസ്ത സംരക്ഷിച്ച് പോരുന്ന ആശയത്തിന്റെ അവസ്ഥ എന്താണെന്ന് നമുക്കൊന്ന് നോക്കാം: "ഇതേ കാലഘട്ടത്തിൽ തന്നെയാണ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ മൻഖൂസ് മൗലിദ് രചിക്കുന്നത്. വീടുകളിലും പള്ളികളിലും മറ്റും സ്ഥിരമായി അത് പാരായണം ചെയ്തുവന്നു. മുഹ്‌യിദ്ദീൻ മാല എന്ന മാലപ്പാട്ട് വരുന്നതും ഇതേ ഘട്ടത്തിലാണ്" (പേജ് 26).

വിശുദ്ധ ക്വുർആനിനെക്കാൾ പവിത്രമായിക്കണ്ട് സമസ്തക്കാർ പാടിവരുന്ന മാലകളിൽ പ്രധാനപ്പെ ട്ടവയാണ് മുഹ്‌യിദ്ദീൻ മാലയും മൻഖൂസ് മൗലിദും. അല്ലാഹുവിന്റെ കഴിവുകളും വിശേഷണങ്ങളും നബി(സ്വ)ക്കും മുഹ്‌യിദ്ദീൻ ശൈഖിനും ചാർത്തിക്കൊണ്ടുള്ളതാണ് രണ്ടിന്റെയും ആശയ ഉള്ളടക്കം. പാപമോചനത്തിനായി നാം തേടേണ്ടത് അല്ലാഹുവിനോടാണ്. ക്വുർആൻ പറയുന്നു: "തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനും" (39:53).

എന്നാൽ മൻഖൂസ് മൗലിദിൽ നബി(സ്വ)യോടു പറയുന്നു: "എന്റെ നേതാവേ, അറ്റമില്ലാത്ത പാപങ്ങൾ ഞാൻ ചെയ്തു. തങ്ങളോട് ആ കാര്യത്തിൽ ഞാൻ ആവലാതി പറയുന്നു."

നമ്മുടെ പ്രാർഥന കേട്ട് ഉത്തരം നൽകാൻ കഴിവുള്ളവൻ അല്ലാഹു മാത്രമാണെല്ലോ. ക്വുർആൻ പറയുന്നു: "നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (2:186).

എന്നാൽ മുഹ്‌യിദ്ദീൻ മാലക്കാരൻ പ്രചരിപ്പിച്ച വിശ്വാസം നോക്കൂ: "ബല്ലേ നിലത്തിന്നും എന്നേ വിളിഫ്ഫോർക്ക് ബായ് കൂടാ ഉത്തിരം ചെയ്യും ഞാനെന്നോവർ."

മനുഷ്യനിർമിത കൃതികളിലെ ഇത്തരം മതവിരുദ്ധ ആശയങ്ങളെ പ്രമാണവത്കരിച്ച് തൗഹീദാക്കി അവതരിപ്പിക്കാൻ വേണ്ടിയാണ് സമസ്ത കാവൽ നിന്നതെന്ന് മുസ്‌ലിയാക്കന്മാർ തന്നെ തുറന്ന് അംഗീകരിക്കുകയാണിവിടെ.

മുസ്‌ലിയാർ വീണ്ടും എഴുതുന്നു: "സ്വഹാബത്ത് പഠിപ്പിച്ച വിശ്വാസാചാരങ്ങൾ പുലർത്തി പണ്ഡിതരുടെ നേതൃത്വത്തിൽ മുന്നോട്ടുപോയ കേരളത്തിൽ മാലയും മൗലിദുമെല്ലാം നിരാക്ഷേപം തുടർന്നു. അതിൽനിന്നെല്ലാമുള്ള ഗതിമാറ്റം ആരംഭിച്ചത് പാശ്ചാത്യരുടെ രംഗപ്രവേശം മുതൽക്കാണ്. അവർ ഇറക്കുമതി ചെയ്ത വിഷവിത്തായിരുന്നു മതനവീകരണ പ്രസ്ഥാനങ്ങൾ"(പേജ് 27).

ഉത്തമ തലമുറക്കാർക്ക് ഒട്ടും പരിചയമില്ലാത്ത മാലദൗലിദുകൾ ഇസ്‌ലാമിന്റെ പേരിൽ സമൂഹത്തിൽ പ്രചരിപ്പിച്ച മുസ്‌ലിയാക്കന്മാർ എങ്ങനെയാണ് സ്വഹാബത്തിന്റെ വിശ്വാസവും ആചാരങ്ങളും സംരക്ഷിക്കുന്ന വിഭാഗമാവുക? സാമ്പത്തിക നേട്ടങ്ങൾക്കായി ജാറങ്ങളുണ്ടാക്കി ആത്മീയചൂഷണം നടത്തിവരുന്നവർക്ക് ഇസ്‌ലാമിന്റെ പേരിൽ അഭിമാനിക്കാൻ എന്ത് അർഹതയാണുള്ളത്? മുജാഹിദുകൾ മതനവീകരണം നടത്തിയവരല്ല; അതിന് സൃഷ്ടികൾക്കാർക്കും അധികാരമില്ലല്ലോ. എന്നാൽ സമുദായത്തിൽ നിലനിന്നിരുന്ന ശിർക്ക്-ബിദ്അത്തുകളെ തുടച്ചുമാറ്റി സമുദായത്തെ നവീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്; അതിന്റെ സദ്ഫലം അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണ് സമസ്തക്കാരും മറ്റു വിഭാഗങ്ങളുമെല്ലാം.

മുസ്‌ലിം സമുദായത്തിലെ വിശ്വാസപരവും കർമപരവുമായ പുഴുക്കുത്തുകളെ നിർമാർജനം ചെയ്യാൻ അഹോരാത്രം പരിശ്രമിച്ച മഹാനാണ് കെ.എം മൗലവി(റഹി). അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അവമതിച്ചുകൊണ്ട് മുസ്‌ലിയാർ എഴുതുന്നത് കാണുക:

"ഈജിപ്തിൽ നിന്ന് വഹാബി ആശയമുള്ള പുസ്തകങ്ങൾ ഇറക്കുമതി ചെയ്യുന്ന വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ പ്രസിദ്ധീകരണങ്ങളിലൂടെ ആ നവീന വാദങ്ങൾ അദ്ദേഹം കേരളത്തിലും പ്രചരിപ്പിക്കാൻ തുടങ്ങി. വിശ്വാസത്തിലും ആചാരത്തിലും ഐക്യത്തോടെ പോയിരുന്ന മുസ്‌ലിം സമുദായത്തിൽ അനൈക്യം വിതക്കാനായി 1922ൽ മുസ്‌ലിം ഐക്യസംഘം

**അല്ലാഹുവിന്റെ അസ്തിത്വത്തിലും പ്രവൃത്തിയിലും വിശേഷണങ്ങളിലും പങ്കുക്കാരെ വെക്കുന്നതാണ് ശിർക്ക് എന്ന നിർവചനത്തിൽനിന്ന് അന്നും ഇന്നും സലഫികൾക്ക് ഒരു മാറ്റവുമില്ല. കൊട്ടപ്പുറം സംവാദ ശേഷം സമസ്തയെ പിളർത്തി പുതിയ സമസ്ത ഉണ്ടാക്കിയ കാന്തപുരം ടീമിന് സത്യമാർഗത്തിൽ അടിയുറച്ചവരെ അവഹേളിക്കാൻ എന്ത് അർഹതയാണുള്ളത്? നിലയ്ക്കാത്ത കളംമാറൽ പ്രവണത സമസ്തയിൽ ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്നുമുണ്ട്.**

എന്ന പേരിൽ ഒരു സംഘടന അവർ രൂപീകരിച്ചു" (പേജ് 27).

മതനിലപാടുകൾ പ്രാമാണികമായി പഠിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങൾ അവലംബിച്ച് മൗലവി ചെയ്ത സംഭാവനകളെ കളിയാക്കാനല്ലാതെ തെളിവുകൾ ചൂണ്ടിക്കാട്ടി അതിനെ ഖണ്ഡിക്കാൻ ഒരു മുസ്‌ലിയാരും ഇന്നുവരെ ധൈര്യം കാണിച്ചിട്ടില്ല. ശിയാ-സൂഫീ രചനകൾ ഇറക്കുമതി ചെയ്തും അഹ്‌ലുസ്സുന്നയുടെ ഗ്രന്ഥങ്ങളെ ദുർവ്യാഖ്യാനിച്ചും പുത്തനാചാരങ്ങളെ നിലനിർത്താൻ പാടുപെടുന്ന സമസ്തക്കാർക്ക് മൗലവിയെ പ്രതിക്കൂട്ടിൽ നിർത്താൻ എന്ത് അർഹതയാണുള്ളത്?

അനാചാരങ്ങളോട് പൊരുത്തപ്പെടാൻ നിർബന്ധിതരായ പാമരജനങ്ങൾക്ക് ശരിയായ വിശ്വാസ, ആചാരങ്ങളിലേക്കുള്ള വാതിൽ അദ്ദേഹം തുറന്നുകൊടുത്തതിനെയാണ് മുസ്‌ലിയാർ 'അനൈക്യ'മുണ്ടാക്കൽ എന്നു വിശേപ്പിക്കുന്നത്. ശുദ്ധമലയാളം സംസാരിക്കാനും ഇംഗ്ലീഷ് ഭാഷ പഠിക്കാനും സമൂഹത്തിന്റെ പുരോഗതിയിൽ പങ്കാളികളാകാനും സമസ്തക്ക് വഴിയൊരുക്കിയത് മൗലവിയും അദ്ദേഹത്തിന്റെ പ്രസ്ഥാനവുമാണെന്നത് നൂറിന്റെ നിറവിൽ അഭിമാനിക്കുന്ന സമസ്തക്കാർ മറന്നുപോകരുത്.

മുസ്‌ലിയാർ തുടരുന്നു: 'ഇബ്നു തൈമിയ്യയുടെയും ഇബ്നു അബ്ദുൽവഹാബിന്റെയും പിഴച്ച ആശയങ്ങൾ ഇവിടെ പ്രചരിപ്പിച്ചു. സ്വഹാബത്ത് മുതൽ നടന്നുവന്ന വിശ്വാസാനുഷ്ഠാനങ്ങളെ പരിഹസിക്കുകയും മഹത്തുക്കളായ ഔലിയാക്കൾ കൈമാറിയ മാല മൗലിദുകളെ മോശമായി ചിത്രീകരിക്കുകയും ചെയ്തു" (പേജ് 28).

ഹിജ്റ ഏഴാം നൂറ്റാണ്ടുവരെ ലോകം കേട്ട അഹ്‌ലുസ്സുന്നയുടെ വിശ്വാസവും പ്രമാണ നിലപാടുകളും എന്തെല്ലാമാണോ അതെല്ലാം ഒഴിവാക്കി, ഇബ്നു തൈമിയ്യ(റഹി)യും ശിഷ്യൻ ഇബ്നു അബ്ദിൽ വഹ്ഹാബും (റഹി) ലോകത്ത് പുതുതായി പ്രചരിപ്പിച്ച ഏതെങ്കിലും ഒരു കാര്യം എടുത്തുകാണിക്കാൻ മുസ്‌ലിയാക്കന്മാർക്ക് സാധിച്ചിട്ടുണ്ടോ? അവരെക്കുറിച്ച് ശിയാക്കളും സൂഫികളും പ്രചരിപ്പിച്ച കുറെ കളവുകളുണ്ട്; അവയ്ക്കെല്ലാം പണ്ഡിതലോകം കൃത്യമായ മറുപടി കൊടുത്തിട്ടുമുണ്ട്. ജാറങ്ങൾ പണിത് ക്വബ്റിലുള്ളവരോടു പ്രാർഥിച്ച് മാതൃക കാണിച്ച ഒരു സ്വഹാബിയുടെയെങ്കിലും പേരു പറയാൻ ഇക്കൂട്ടർക്ക് കഴിഞ്ഞിട്ടുണ്ടോ? നബി(സ്വ)യുടെ പേരിൽ കൊണ്ടാടപ്പെടുന്ന ശിയാ-സൂഫീ ആഘോഷമായ നബിദിനാഘോഷം നടത്തിയ സ്വഹാബികൾ ആരൊക്കെയാണെന്ന് എണ്ണിപ്പറയാൻ ഇവർക്ക് കഴിയുമോ? സകല അന്ധവിശ്വാസങ്ങളെയും ഉത്തമതലമുറയുടെ മേൽ കെട്ടിവയ്ക്കാൻ നിർലജ്ജം ശ്രമിക്കുന്ന ഇവരല്ലേ യഥാർഥത്തിൽ സ്വഹാബത്തിനെ പരഹസിക്കുന്നവർ!

**സംവാദങ്ങളുടെ കഥ**

സമസ്തയുടെ സംവാദ അനുഭവം മുസ്‌ലിയാർ വിവരിക്കുന്നത് കാണുക: "അഹ്‌ലുസ്സുന്നയുടെ ആദർശം പ്രൗഢമായി പ്രചരിപ്പിക്കുന്നതിൽ സമസ്തയുടെ നേതൃത്വത്തിൽ നടന്ന സംവാദങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സുന്നി പണ്ഡിതരുടെ പ്രാമാണിക സമർഥനങ്ങൾക്ക് മുന്നിൽ ആദർശ വിരോധികൾ പരാജയപ്പെട്ടുകൊണ്ടിരുന്നു" (പേജ് 31).

മഹാൻമാർ എന്ന പദവി ചാർത്തിക്കൊടുക്കപ്പെട്ട വ്യാജ ഔലിയാക്കളോട് നേരിട്ടു പ്രാർഥിക്കാനും സഹായം തേടാനും അവരെക്കൊണ്ട് ഇടതേട്ടം നടത്താ

നും എന്തിനും ഏതിനുമുള്ള കഴിവ് അവർക്ക് അല്ലാഹു കൊടുത്തിട്ടുണ്ട് എന്നു സ്ഥാപിക്കാനും അന്ധവിശ്വാസങ്ങളിൽ അള്ളിപ്പിടിച്ചിരിക്കാനും നടത്തപ്പെട്ട സംവാദങ്ങൾ ഏതു മാനദണ്ഡപ്രകാരമാണ് അഹ്‌ലുസ്സുന്നയുടെ ആദർശ പ്രചാരണാർഥം നടത്തപ്പെട്ട സംവാദങ്ങളാവുക? പ്രാർഥനക്കർഹൻ അല്ലാഹു മാത്രമാണെന്നും അഭൗതികമായ നിലയിലുള്ള സഹായതേട്ടം അവനോടു മാത്രമെ ആകാവൂ; ഹഖ്, ജാഹ്, ബറകത്ത് കൊണ്ടുള്ള നിഷിദ്ധമാക്കപ്പെട്ട ഇടതേട്ടം പാടില്ലെന്നും അനാചാരങ്ങൾ നരകത്തിലേക്കുള്ളതാണെന്നും പ്രമാണങ്ങൾ ഉദ്ധരിച്ച് സമൂഹത്തെ തെര്യപ്പെടുത്തിയ സംവാദങ്ങൾ പരാജയപ്പെട്ടവയാകുന്നത് എങ്ങനെയാണ്? അഹ്‌ലുസ്സുന്നയും സമസ്തയും തമ്മിലുണ്ടായ മുഴുവൻ സംവാദങ്ങളെയും വിലയിരുത്തിയാൽ ഏതു പക്ഷത്തേക്കാണ് ആളുകൾ ചേക്കേറിയതെന്ന് ആർക്കും ബോധ്യമാകും.

1974 ജൂൺ മാസത്തിൽ എഴുതപ്പെട്ട കുണ്ടുതോട് സംവാദ വ്യവസ്ഥ കാണുക: "മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ, ബദ്‌രീങ്ങളേ കാക്കണേ പോലെ, മരിച്ചുപോയ മഹാത്മാക്കളെ വിളിച്ചു പ്രാർഥിക്കൽ ശിർക്കാണ് എന്നു മുജാഹിദുകൾ. ശിർക്കല്ല മുബാഹ് (അനുവദനീയം) ആണെന്ന് സുന്നികൾ" (കുണ്ടുതോട് വാദപ്രതിവാദം, പേജ് 1).

മരിച്ചവരെ വിളിച്ചുപ്രാർഥിക്കുന്നത് അനുവദനീയമാണെന്നു പറയാൻ ധൈര്യം കാണിച്ച ഇവർ അഹ്‌ലുസ്സുന്നയുടെ വിശ്വാസത്തിലാകുമോ? അല്ലാഹു പറയുന്നു: "അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതും അവർക്കുതന്നെ യാതൊരു അറിവുമില്ലാത്തതുമായ വസ്തുക്കളെ അവന്ന് പുറമെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. അക്രമകാരികൾക്ക് യാതൊരു സഹായിയും ഇല്ല" (ക്വുർആൻ 22:71).

പ്രസിദ്ധമായ കൊട്ടപ്പുറം സംവാദം മുസ്‌ലിയാക്കന്മാർ എന്നും ഞെട്ടലോടെ ഓർക്കുന്ന ഒന്നാണ്. മുസ്‌ലിയാർ അതിനെ തൂക്കിക്കണക്കാക്കിയ രീതി നമുക്ക് കാണാം: "സുന്നികളുടെ കർമങ്ങളും അവരുടെ വിശ്വാസങ്ങളുമെല്ലാം ശിർക്കിന്റെ കരിമ്പട്ടികയിൽ ചേർക്കാറുള്ള വഹാബികൾ ശിർക്കെന്താണെന്ന് പ്രാമാണികമായി നിർവചിക്കാനാവാതെ കുഴങ്ങി. ഇന്നും അവർക്കതിന് കൃത്യമായ നിർവചനം പറയാൻ കഴിഞ്ഞിട്ടില്ല. ശിർക്ക് നിർവചിക്കുന്നതിന്റെ പേരിൽ വഹാബികൾ നിരന്തരം പിളർന്നുകൊണ്ടേയിരിക്കുകയാണെന്നതാണ് കൗതുകം" (പേജ് 35).

കൊട്ടപ്പുറം സംവാദത്തിൽ കാന്തപുരം മുസ്‌ലിയാർ ചെയ്ത പണി എന്താണെന്ന് അവർ തന്നെ എഴുതിയതു വായിക്കാം: "അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കാമെന്നതിനു തെളിവായി ധാരാളം ആയത്തുകൾ ഞാൻ ഓതി. അതിന്റെ അടിസ്ഥാനത്തിൽ ഔലിയാക്കൾക്കു സഹായിക്കാൻ കഴിവുണ്ട്. അവർ സഹായിക്കുന്നവരാണ്" (കൊട്ടപ്പുറം സംവാദം, പേജ് 76).

"അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനയുടെ ഉദാഹരണം ഖുർആനിൽ കാണിക്കണമെന്നായിരുന്നു മൗലവിയുടെ മറ്റൊരു വാശി. മരിച്ചുപോയവരെ വിളിച്ചു പ്രാർത്ഥിക്കാമെന്ന് ഖുർആൻ കൊണ്ട് തന്നെ എ.പി സ്ഥാപിച്ചപ്പോൾ അവിടെയും മൗലവി മുഖം കുത്തി" (കൊട്ടപ്പുറം സംവാദം, പേജ് 158).

അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കാൻ ക്വുർആനിൽനിന്ന് ആയത്ത് ഓതിയവർ ചെയ്യുന്ന പണി എന്താണോ അതുതന്നെയാണ് ശിർക്ക്. ക്വുർആനിനെ പച്ചയായി ദുർവ്യാഖ്യാനിച്ചു കൊണ്ടാണല്ലോ കാന്തപുരം ശിർക്കിന് തെളിവുണ്ടാക്കാൻ ശ്രമിച്ചത്. എന്താണ് ശിർക്കെന്ന കാന്തപുരത്തിന്റെ ചോദ്യം പോലും ഇതോടെ അപ്രസക്തമാവുകയാണ്.

അല്ലാഹുവിന്റെ അസ്തിത്വത്തിലും പ്രവൃത്തിയിലും വിശേഷണങ്ങളിലും പങ്കുകാരെ വെക്കുന്നതാണ് ശിർക്ക് എന്ന നിർവചനത്തിൽനിന്ന് അന്നും ഇന്നും സലഫികൾക്ക് ഒരു മാറ്റവുമില്ല. കൊട്ടപ്പുറം സംവാദ ശേഷം സമസ്തയെ പിളർത്തി പുതിയ സമസ്ത ഉണ്ടാക്കിയ കാന്തപുരം ടീമിന് സത്യമാർഗത്തിൽ അടിയുറച്ചവരെ അവഹേളിക്കാൻ എന്ത് അർഹതയാണുള്ളത്? നിലയ്ക്കാത്ത കളംമാറൽ പ്രവണത സമസ്തയിൽ ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്നുമുണ്ട്.

അല്ലാഹു പറയുന്നു: "സന്തോഷവാർത്ത അറിയിക്കുന്നവരായിക്കൊണ്ടും താക്കീതു നൽകുന്നവരായിക്കൊണ്ടും മാത്രമാണ് നാം ദൂതൻമാരെ നിയോഗിക്കുന്നത്. അവിശ്വസിച്ചവർ മിഥ്യാവാദവുമായി തർക്കിച്ചു കൊണ്ടിരിക്കുന്നു; അതുമൂലം സത്യത്തെ തകർത്തുകളയുവാൻ വേണ്ടി. എന്റെ ദൃഷ്ടാന്തങ്ങളെയും അവർക്ക് നൽകപ്പെട്ട താക്കീതുകളെയും അവർ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 18:56). ■



# പടവാളും തൂലികയും: രാജ്യങ്ങളുടെയും രചനകളുടെയും ചരിത്രവഴികൾ

ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
: 9497385707

ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ സാമ്രാജ്യങ്ങളുടെ ഉദയവും അസ്തമയവും ആയുധങ്ങളുടെ മൂർച്ചയെ മാത്രം ആശ്രയിച്ചായിരുന്നില്ല എന്ന് കാണാം. വിഖ്യാത ചരിത്രകാരനും സാമൂഹിക ശാസ്ത്രജ്ഞനുമായ ഇബ്നു ഖൽദൂൻ തന്റെ പ്രശസ്തമായ 'മുകദ്ദിമ' എന്ന ഗ്രന്ഥത്തിൽ ഭരണകൂടങ്ങളുടെ ഉദയത്തിലും അസ്തമയത്തിലും പടവാളും തൂലികയും നിർവഹിക്കുന്ന വ്യത്യസ്തങ്ങളായ ദൗത്യങ്ങളെക്കുറിച്ച് അതിമനോഹരമായും സൂക്ഷ്മമായും അപഗ്രഥിക്കുന്നുണ്ട്.

ഒരു ഭരണകൂടത്തിന്റെ തുടക്കത്തിൽ, അല്ലെങ്കിൽ സ്ഥാപനഘട്ടത്തിൽ പടവാളിനാണ് പ്രാധാന്യം. കാരണം, അക്കാലത്ത് രാഷ്ട്രം വിസ്തൃതമാക്കുന്നതിനും ശത്രുക്കളെ കീഴടക്കുന്നതിനുമാണ് പ്രാധാന്യം നൽകുന്നത്. എന്നാൽ രാജ്യം സ്ഥിരപ്പെടുകയും

**ചരിത്രത്തിന്റെ ഏടുകളിൽ സാമ്രാജ്യങ്ങളുടെ ഉദയാസ്തമയങ്ങൾ ആയുധങ്ങളുടെ മൂർച്ചയെ മാത്രം ആശ്രയിച്ചായിരുന്നില്ല. വാൾ മനുഷ്യരിൽ താൽക്കാലികമായ ഭയം സൃഷ്ടിക്കുമ്പോൾ, തൂലിക തലമുറകളിൽ ശാശ്വതമായ പ്രബുദ്ധതയും ചിന്താവിപ്ലവവുമാണ് നിർമിച്ചുകൊണ്ടിരിക്കുന്നത്. വാൾ ഒരൊറ്റ ശരീരത്തിൽ മാത്രം പ്രവർത്തിക്കുമ്പോൾ, തൂലിക വരാനിരിക്കുന്ന അനേകം തലമുറകളിലേക്ക് ആഴത്തിൽ തുളച്ചുകയറുന്നു. അതെ, എഴുത്തുകാരൻ തന്റെ പേന കയ്യിലെടുക്കുമ്പോൾ കോട്ടകൾ കീഴടക്കുന്ന യോദ്ധാവിനെക്കാൾ വലിയ ഉത്തരവാദിത്തമാണ് നിർവഹിക്കുന്നത്.**

യുദ്ധങ്ങളിൽനിന്ന് മുക്തമായി നാഗരികത ശക്തിപ്പെടുകയും ചെയ്യുമ്പോൾ, തൂലികയാണ് ഏറ്റവും പ്രധാനപ്പെട്ട ഉപകരണമായി മാറുന്നത് എന്ന് ഇബ്നു ഖൽദൂൻ രേഖപ്പെടുത്തുന്നു.

ഭരണാധികാരി തന്റെ അധികാര കാര്യങ്ങൾ നിർവഹിക്കാൻ ഉപയോഗിക്കുന്ന രണ്ടു പ്രധാന ഉപകരണങ്ങളാണ് വാളും തൂലികയും. ഒരു ഭരണകൂടം സമാധാനാവസ്ഥയിലെത്തുമ്പോൾ നേടിയെടുത്ത സമ്പത്തിനെയും അധികാരത്തെയും സംരക്ഷിക്കാനും, ഭരണനിർവഹണം കാര്യക്ഷമമാക്കാനും, നിയമങ്ങളും തത്ത്വങ്ങളും ക്രോഡീകരിച്ചുവയ്ക്കാനും പേനയുടെ ആവശ്യകത വർധിക്കുന്നു. പടവാൾ കൊണ്ട് നേടുന്ന ഭൂവിഭാഗങ്ങളെയും അധികാരങ്ങളെയും ശാശ്വതമായി നിലനിർത്തുന്നതും ജനങ്ങളെ സാംസ്കാരികമായി ഭരിക്കുന്നതും തൂലികയാണെന്ന ഇബ്നു ഖൽദൂന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. വാൾ മനുഷ്യരിൽ താൽക്കാലികമായ ഭയവും വണക്കവും സൃഷ്ടിക്കുമ്പോൾ, തൂലിക തലമുറകളിൽ ശാശ്വതമായ പ്രബുദ്ധതയും ചിന്താവിപ്ലവവും സൃഷ്ടിക്കുന്നു.

ചരിത്രത്തിലും ഇസ്‌ലാമിക പാരമ്പര്യത്തിലും പടവാളിന്റെ മൂർച്ചയെക്കാൾ തൂലികയുടെ മഷിക്കാണ് എപ്പോഴും മുൻഗണന നൽകപ്പെട്ടിട്ടുള്ളത്. ഭൗതിക ശക്തിയെക്കാൾ ആശയങ്ങളുടെ ശക്തിക്കാണ് ലോകത്തെ മാറ്റിയെഴുതാൻ സാധിച്ചത് എന്ന് പ്രമുഖ പണ്ഡിതന്മാരും ചരിത്രകാരന്മാരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബിയുടെ പ്രധാനമന്ത്രിയും ഉപദേശകനുമായിരുന്ന അൽഖാദി അൽഫാദിലിന്റെ തൂലികയെക്കുറിച്ച് സ്വലാഹുദ്ദീൻ അയ്യൂബി പറഞ്ഞ പ്രശസ്തമായ വാക്കുകൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. തന്റെ സൈന്യത്തിന്റെ ബലം കൊണ്ടല്ല, മറിച്ച് അൽഖാദി അൽഫാദിലിന്റെ തൂലികകൊണ്ടാണ് താൻ രാജ്യങ്ങൾ കീഴടക്കിയതെന്ന് സ്വലാഹുദ്ദീൻ അയ്യൂബി തുറന്നുപറയുകയുണ്ടായി. അബ്ദുറഹീം ബിൻ അലി അൽബീസാനി എന്ന അൽഖാദി അൽഫാദിലിന്റെ തൂലികക്ക് ഇത്രയേറെ പ്രാധാന്യം ലഭിക്കാനുള്ള പ്രധാന കാരണം അദ്ദേഹത്തിന്റെ അപാരമായ നയതന്ത്ര ശേഷിയും സാഹിത്യ ഭംഗിയുമായിരുന്നു. സുൽത്താന് വേണ്ടി അദ്ദേഹം തയ്യാറാക്കിയിരുന്ന ഔദ്യോഗിക കത്തുകളും പ്രഖ്യാപനങ്ങളും ശത്രുക്കളിൽ ഭയവും മിത്രങ്ങളിൽ ബഹുമാനവും ഉളവാക്കാൻ തക്കവണ്ണം ആശയസമ്പന്നമായിരുന്നു.

കൂടാതെ, ചിതറിക്കിടന്ന വിവിധ ഭരണപ്രദേശങ്ങളെയും ഗോത്രങ്ങളെയും ആശയങ്ങൾ കൊണ്ടും കൃത്യമായ ഭരണരേഖകൾകൊണ്ടും ഏകോപിപ്പിച്ചു നിർത്തിയത് അദ്ദേഹത്തിന്റെ രചനകളായിരുന്നു. യുദ്ധക്കളത്തിനു പുറത്ത് ജനങ്ങളുടെയും സൈന്യത്തിന്റെയും ആത്മവീര്യം ചോർന്നുപോകാതെ നിലനിർത്താൻ അദ്ദേഹത്തിന്റെ സന്ദേശങ്ങൾക്ക് സാധിച്ചു. ഒരു രാജ്യത്തിന്റെ വിജയവും പ്രതിരോധവും കേവലം ആയുധങ്ങളിൽ മാത്രമല്ല, മറിച്ച് അവിടുത്തെ വിചാരധാരകളിലും പണ്ഡിതന്മാരുടെ നയതന്ത്ര പരമായ രചനകളിലുമാണ് സ്ഥിതിചെയ്യുന്നത് എന്നതിന്റെ വ്യക്തമായ തെളിവാണിത്.

തൂലികയുടെ ദീർഘകാല സ്വാധീനത്തെക്കുറിച്ച് പ്രശസ്ത പണ്ഡിതനായ ഇമാം അബുൽഅബ്ബാസ് അൽഖൽഖശന്ദി തന്റെ 'സ്വുബ്ഹുൽ അഅ്ശാ' എന്ന ബൃഹത്തായ വിജ്ഞാനകോശ

ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നത് അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. തൂലിക പടവാളിനെക്കാൾ സ്വാധീനമുള്ളതും കുന്തത്തെക്കാൾ ആഴത്തിൽ തുളച്ചുകയറുന്നതുമാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. വാൾ ഒരൊറ്റ ശരീരത്തിൽ മാത്രമെ പ്രവർത്തിക്കൂ, എന്നാൽ തൂലിക വരാനിരിക്കുന്ന അനേകം തലമുറകളിൽ വരെ പ്രവർത്തിക്കുകയും യുഗങ്ങൾ കഴിഞ്ഞാലും അതിന്റെ അടയാളം മങ്ങാതെ ബാക്കിനിൽക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

ഈ ചരിത്രപരമായ ഉദാഹരണങ്ങൾ നൽകുന്ന പ്രധാന സന്ദേശം, ഒരു എഴുത്തുകാരൻ തന്റെ പേന കയ്യിലെടുക്കുമ്പോൾ അവൻ കോട്ടകൾ കീഴടക്കുന്ന ഒരു യോദ്ധാവിനെക്കാൾ വലിയ ഉത്തരവാദിത്തമാണ് നിർവഹിക്കുന്നത് എന്നാണ്. പടവാൾ ഉപയോഗിച്ചുനേടുന്ന വിജയം ആ തലമുറയോടെ അവസാനിച്ചേക്കാം. എന്നാൽ അറിവിലൂടെയും വായനയിലൂടെയും രൂപപ്പെടുത്തുന്ന ഒരു തൂലികയിൽ നിന്നും നിർഗളിക്കുന്ന വരികൾ നൂറ്റാണ്ടുകളോളം വരാനിരിക്കുന്ന തലമുറകളെ വഴിനടത്തും. അതുകൊണ്ടുതന്നെ, ഒരു ഇസ്‌ലാമിക എഴുത്തുകാരൻ വളർന്നുവരുമ്പോൾ കേവലം അക്ഷരങ്ങൾ കൂട്ടിവയ്ക്കുകയല്ല ചെയ്യുന്നത്; മറിച്ച് ചരിത്രത്തിൽ പടവാളുകൾ സൃഷ്ടിച്ച വിപ്ലവങ്ങളെക്കാൾ ആഴമുള്ള ചിന്താവിപ്ലവമാണ് അവൻ സമൂഹത്തിൽ സൃഷ്ടിക്കുന്നത്. വായനയും ഗവേഷണവും സത്യസന്ധതയും കൂടിച്ചേരുമ്പോൾ മാത്രമാണ് ഈ തൂലികയ്ക്ക് പടവാളിനെക്കാൾ മൂർച്ച കൈവരുന്നത്.

**ഒരു എഴുത്തുകാരൻ തന്റെ പേന കയ്യിലെടുക്കുമ്പോൾ അവൻ കോട്ടകൾ കീഴടക്കുന്ന ഒരു യോദ്ധാവിനെക്കാൾ വലിയ ഉത്തരവാദിത്തമാണ് നിർവഹിക്കുന്നത് എന്നാണ്. പടവാൾ ഉപയോഗിച്ചുനേടുന്ന വിജയം ആ തലമുറയോടെ അവസാനിച്ചേക്കാം. എന്നാൽ അറിവിലൂടെയും വായനയിലൂടെയും രൂപപ്പെടുത്തുന്ന ഒരു തൂലികയിൽ നിന്നും നിർഗളിക്കുന്ന വരികൾ നൂറ്റാണ്ടുകളോളം വരാനിരിക്കുന്ന തലമുറകളെ വഴിനടത്തും. അതുകൊണ്ടുതന്നെ, ഒരു ഇസ്‌ലാമിക എഴുത്തുകാരൻ വളർന്നുവരുമ്പോൾ കേവലം അക്ഷരങ്ങൾ കൂട്ടിവയ്ക്കുകയല്ല ചെയ്യുന്നത്; മറിച്ച് ചരിത്രത്തിൽ പടവാളുകൾ സൃഷ്ടിച്ച വിപ്ലവങ്ങളെക്കാൾ ആഴമുള്ള ചിന്താവിപ്ലവമാണ് അവൻ സമൂഹത്തിൽ സൃഷ്ടിക്കുന്നത്.**

സാഹിത്യ രൂപീകരണത്തിലും വ്യക്തിത്വ വികാസത്തിലും വായനയും ഗവേഷണവും വഹിക്കുന്ന പങ്ക് പരിധികൾക്കപ്പുറമാണ്. ഒരു മികച്ച വായനക്കാരനു മാത്രമെ നല്ലൊരു എഴുത്തുകാരനാകാൻ സാധിക്കൂ എന്ന യാഥാർഥ്യം ചരിത്രത്തിലൂടെയും അനുഭവങ്ങളിലൂടെയും നിരന്തരം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. വിജ്ഞാന ശേഖരണത്തിന്റെ ആദ്യപടി വായനയാണെങ്കിൽ, ആ വിജ്ഞാനത്തിന്റെ ക്രിയാത്മകമായ പകർത്തിയെഴുത്താണ് സർഗാത്മകവും ഗവേഷണാത്മകവുമായ രചന. ഇസ്‌ലാമിക വിജ്ഞാന ശാഖകളുടെയും നാഗരികതയുടെയും വളർച്ച പരിശോധിച്ചാൽ, അനേകം ഗ്രന്ഥങ്ങൾ വായിച്ചുതീർക്കുകയും ചിന്തയും ഗവേഷണവും ജീവിതചര്യയാക്കുകയും ചെയ്ത മഹാന്മാരായ പണ്ഡിതന്മാരാണ് അമൂല്യങ്ങളായ ഗ്രന്ഥങ്ങൾ ലോകത്തിനു സംഭാവന ചെയ്തതെന്നു കാണാം.

ഇസ്‌ലാമിക പ്രബോധനത്തിന്റെയും അറിവിന്റെയും ആദ്യ വാതിൽ വായനയാണ്. മുഹമ്മദ് നബി (സ്വ)ക്ക് അവതരിച്ച ആദ്യ ദിവ്യബോധനം തന്നെ വായനയെയും എഴുത്തിനെയും ഉയർത്തിപ്പിടിക്കുന്നതായിരുന്നു. പരിശുദ്ധ ഖുർആനിലെ സൂറത്തുൽ അലഖിലെ ആദ്യ വചനങ്ങളിൽ, സൃഷ്ടിച്ചവനായ നാഥന്റെ നാമത്തിൽ വായിക്കാനുള്ള കൽപനയുണ്ട്, പേനകൊണ്ട് പഠിപ്പിച്ച ദൈവത്തിന്റെ ഔദാര്യത്തെക്കുറിച്ചു പറയുന്നുണ്ട്. ഈ ആദ്യ വചനങ്ങൾ അറിവിന്റെ രണ്ടു പ്രധാന ഉപാധികളെ വ്യക്തമായി നിർവചിക്കുന്നു; വായനയും എഴുത്തും. ഒരു സമൂഹത്തിന്റെ സാംസ്കാരികവും ബൗദ്ധികവുമായ നിലനിൽപ് പേനയിലും വായനയിലുമാണ്

അധിഷ്ഠിതമായിരിക്കുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്.

അതുപോലെ, സൂറത്തുൽ ഖലമിൽ, അല്ലാഹു പേനയെയും എഴുതപ്പെടുന്ന വരികളെയും മുൻനിർത്തി സത്യം ചെയ്തു സംസാരിക്കുന്നുണ്ട്. സത്യസാക്ഷ്യത്തിനായി പേനയെയും എഴുതിവയ്ക്കപ്പെടുന്ന വരികളെയും തിരഞ്ഞെടുക്കുക വഴി, അറിവ് രേഖപ്പെടുത്തുന്നതിന്റെയും സത്യസന്ധമായി കാര്യങ്ങൾ രചിക്കുന്നതിന്റെയും പവിത്രതയും പ്രാധാന്യവുമാണ് വ്യക്തമാക്കപ്പെടുന്നതെന്ന് മനസ്സിലാക്കാം.

പ്രവാചകാധ്യാപനങ്ങളിലും അറിവു നേടുന്നതിനും അത് രേഖപ്പെടുത്തിവയ്ക്കുന്നതിനും വലിയ പ്രാധാന്യം നൽകിയതായി കാണാം. കേവലം മനഃപാഠമാക്കുന്നതിനപ്പുറം അറിവിനെ എഴുത്തിലൂടെ ഭദ്രമാക്കാൻ പ്രവാചകൻ(സ്വ) അനുചരന്മാരോട് കൽപിച്ചിരുന്നു. സുനനുദ്ദാരിമിയിലും സ്വഹീഹ് അൽജാമിഇലും ഉദ്ധരിക്കപ്പെടുന്ന പ്രശസ്തമായ ഹദീസിൽ, വിജ്ഞാനത്തെ എഴുത്തുമൂലം ഭദ്രമാക്കി വയ്ക്കാൻ പ്രവാചകൻ നിർദേശിക്കുന്നുണ്ട്. മറവിയും ആശയക്കുഴപ്പങ്ങളും സംഭവിച്ചേക്കാവുന്ന മനുഷ്യ മനസ്സിൽ അറിവിനെ സ്ഥിരപ്പെടുത്തി നിർത്താനുള്ള ഏറ്റവും മികച്ച മാർഗം എഴുത്താണ്. അറിവു നേടാനായി യാത്ര ചെയ്യുന്നതും ഗ്രന്ഥങ്ങൾ പഠിക്കുന്നതും സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കുമെന്നും സ്വഹീഹ് മുസ്‌ലിമിലെ ചില ഹദീസുകളിൽ കാണാം. ആരെങ്കിലും വിജ്ഞാനം തേടിക്കൊണ്ട് ഒരു പാതയിൽ സഞ്ചരിച്ചാൽ, അതുമൂലം അല്ലാഹു അവന് സ്വർഗത്തിലേക്കുള്ള പാത എളുപ്പമാക്കിക്കൊടുക്കുമെന്ന വചനത്തിലെ 'പാത' എന്നത് കേവലം കാൽനടയാത്ര മാത്രമല്ല; മറിച്ച് ഗ്രന്ഥങ്ങളിലൂടെയുള്ള സഞ്ചാരവും അറിവു തേടിയുള്ള വായനയും ഗവേഷണവുമെല്ലാം ഇതിൽ ഉൾപ്പെടുന്നു എന്നു മനസ്സിലാക്കാം.



ഇസ്‌ലാമിക ചരിത്രം എന്നത് ഗ്രന്ഥശേഖരണത്തിന്റെയും വായനയുടെയും മഹാസാഗരമാണ്. അബ്ബാസിയ്യ ഭരണകാലത്ത് ബാഗ്ദാദിൽ സ്ഥാപിക്കപ്പെട്ട 'ബൈതുൽ ഹിക്മ' (House of Wisdom) ഇസ്‌ലാമിക ലോകത്തിന്റെ ബൗദ്ധിക കേന്ദ്രമായിരുന്നു. ഗ്രീക്ക്, പേർഷ്യൻ, ഭാരതീയ തത്ത്വചിന്തകളും ശാസ്ത്രഗ്രന്ഥങ്ങളും അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും, അവ വായിച്ചു പഠിച്ച ഇസ്‌ലാമിക പണ്ഡിതന്മാർ സ്വന്തമായ ഗവേഷണ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. ഒരു എഴുത്തുകാരനും ഗവേഷ കനും ആവശ്യമായ പ്രധാന ഘടകങ്ങൾ ആഴത്തിലുള്ള വായന, നിരന്തര ഗവേഷണം, സ്വതന്ത്ര ചിന്തയും അപഗ്രഥനവും, ശാസ്ത്രീയ സത്യസന്ധത എന്നിവയാണ്. ആയിരക്കണക്കിന് പേജുകൾ വായിച്ചുതീർക്കാതെ ഒരു വരിപോലും എഴുതരുതെന്ന ശാഠ്യം പൂർവകാലപണ്ഡിതന്മാർ പുലർത്തിയിരുന്നു. വസ്തുതകൾ ഉറപ്പുവരുത്താനും സത്യസന്ധത പുലർത്താനും അവർ നിരന്തരം പരിശ്രമിച്ചു. വായിച്ച കാര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്താനും, ഉദ്ധരണികളും വിവരങ്ങളും കൃത്യതയോടെ, വഞ്ചനയില്ലാതെ

**ഒരു ഇസ്‌ലാമിക എഴുത്തുകാരന്റെ തൂലിക അയാളുടെ വായനപോലെ ത്തന്നെ സത്യസന്ധവും സുതാര്യവും ആകേണ്ടതുണ്ട്. അക്കാദമിക് തലത്തിലുള്ള രചനകളിൽ പാലിക്കേണ്ട പ്രധാന മൂല്യങ്ങൾ ഉന്നതമായ സത്യസന്ധതയും നിഷ്പക്ഷ തയുമാണ്. വിവരങ്ങൾ കൃത്യമായി ഉദ്ധരിക്കുകയും വ്യാജമായ കാര്യങ്ങളോ തെളിവില്ലാത്ത കാര്യങ്ങളോ എഴുതാതിരിക്കു കയും വേണം. മറ്റൊരാളുടെ ആശയം സ്വന്തം പേരിലാക്കാതെ, കടപ്പാട് വ്യക്തമായി രേഖപ്പെടുത്തി, കോപ്പിയടി പൂർണമായും ഒഴിവാക്കേണ്ടതുണ്ട്.**

രേഖപ്പെടുത്താനും അവർ ശ്രദ്ധവച്ചു.

ഇസ്‌ലാമിക ലോകത്തെ പ്രമുഖരായ പണ്ഡിതന്മാരുടെ ജീവിതത്തിലേക്ക് കണ്ണോടിച്ചാൽ, വായനയോടും പഠനത്തോടുമുള്ള അവരുടെ സമർപ്പണം നമ്മെ അത്ഭുതപ്പെടുത്തും. നിരന്തരമായ വായനയാണ് അവരെ അക്കാലത്തെയും എക്കാലത്തെയും മികച്ച എഴുത്തുകാരാക്കി മാറ്റിയത്. സ്പെയിനിലെ പ്രശസ്ത പണ്ഡിതനായിരുന്ന അൽഇമാം ഇബ്നു ഹസ്മ് തന്റെ വിശാലമായ ഗ്രന്ഥശേഖരവും വായനയും കൊണ്ട് ശ്രദ്ധേയനായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ രാഷ്ട്രീയ കാരണങ്ങളാൽ എതിരാളികൾ അഗ്നിക്കിരയാക്കിയപ്പോൾ അദ്ദേഹം പറഞ്ഞ വരികൾ ഏറെ പ്രശസ്തമാണ്: 'നിങ്ങൾ കടലാസുകൾ കത്തിച്ചേക്കാം, എന്നാൽ കടലാസ് ഉൾക്കൊണ്ട അറിവിനെ നിങ്ങൾക്ക് കത്തിക്കാനാകില്ല; അത് എന്റെ നെഞ്ചിലുണ്ട്.' ആയിരക്കണക്കിന് പേജുകൾ വായിച്ച് അത് മനസ്സിൽ സൂക്ഷിച്ചതുകൊണ്ടാണ് ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടിട്ടും വീണ്ടും അമൂല്യരചനകൾ നിർവഹിക്കാൻ അദ്ദേഹത്തിനു സാധിച്ചത്.

ചരിത്രകാരനുംഖുർആൻവ്യാഖ്യാതാവുമായ ഇമാം ഇബ്നു ജരീർ അത്ത്വബ്‌രി തന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും വായനയ്ക്കും എഴുത്തിനുമായി മാറ്റിവെച്ചയാളാണ്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ കണക്കാക്കിയതനുസരിച്ച്, പ്രായപൂർത്തിയായതു മുതൽ മരണം വരെ ദിവസവും ശരാശരി 40 പേജുകൾ വീതം അദ്ദേഹം എഴുതുകയോ വായിക്കുകയോ ചെയ്തിരുന്നു. തന്റെ വിഖ്യാത ചരിത്രഗ്രന്ഥവും തഫ്സീറും എഴുതുന്നതിനു മുമ്പ് അദ്ദേഹം അക്കാലത്തെ പ്രധാന ഗ്രന്ഥശാലകളിലെ അറിവുകൾ വായിച്ചുതീ ർത്തിരുന്നു.

വായനയിൽ അതിരറ്റ ഭ്രമം പുലർത്തിയ പണ്ഡിതനായിരുന്നു ഇമാം ഇബ്നുൽ ജൗസി. അദ്ദേഹം തന്റെ വായനാനുഭവത്തെക്കുറിച്ച് 'സൈ്വദുൽ ഖാത്വിർ' എന്ന ഗ്രന്ഥത്തിൽ കുറിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. പുസ്തക വായനകൊണ്ട് തനിക്ക് ഒരിക്കലും വയറു നിറയാറില്ലെന്നും, കാണാത്ത ഒരു പുസ്തകം കണ്ടുകിട്ടിയാൽ ഒരു വലിയ നിധി കണ്ടുകിട്ടിയ സന്തോഷമാണ് തനിക്ക് അനുഭവപ്പെടാറുള്ളതെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. തന്റെ ജീവിതകാലത്തിനിടയിൽ ഇരുപതിനായിരത്തിലധികം വാല്യങ്ങൾ അദ്ദേഹം വായിച്ചുതീർത്തതായി പറയപ്പെടുന്നു. ഈ അപാരമായ വായനയാണ് അദ്ദേഹത്തെ നാനൂറിലധികം ഗ്രന്ഥങ്ങളുടെ രചയിതാവാക്കി മാറ്റിയത്.

'ഫത്ഹുൽ ബാരി' എന്ന, സ്വഹീഹുൽ ബുഖാരിയുടെ വിഖ്യാതമായ വ്യാഖ്യാനഗ്രന്ഥത്തിന്റെ കർത്താവായ അൽഹാഫിദ് ഇബ്നു ഹജർ അൽഅസ്ഖലാനി വായനയിലെ വേഗതകൊണ്ടും ശ്രദ്ധകൊണ്ടും ലോകത്തെ അത്ഭുതപ്പെടുത്തി. അദ്ദേഹം ഇമാം ത്വബ്റാനിയുടെ 'മുഅ്ജമുസ്സ്വഗീർ' ഒരൊറ്റ മജ്‌ലിസ് കൊണ്ട്, (അതായത് ഉച്ചയ്ക്കും അസ്വ്റിനുമിടയിലെ ചുരുങ്ങിയ സമയം കൊണ്ട്) വായിച്ചുതീർത്തതായി ചരിത്രത്തിൽ കാണാം. ആയിരക്കണക്കിനു ഹദീസ് ഗ്രന്ഥങ്ങളും നിവേദകരുടെ ജീവചരിത്രങ്ങളും വായി ച്ച് അപഗ്രഥിച്ച ശേഷമാണ് അദ്ദേഹം തന്റെ മഹത്തായ ഗ്രന്ഥരചനകളിലേക്ക് കടന്നത്.

വായനയുടെയും രചനയുടെയും വിപ്ലവമായിരുന്നു ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ സൃഷ്ടിച്ചത്. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും പ്രബുദ്ധരായ വായനക്കാരിലും അപാരമായ രചനാവൈഭവമുള്ള പണ്ഡിതന്മാരിലും മുൻനിരയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. കേവലം മതഗ്രന്ഥങ്ങൾ മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ വായനാലോകം. തത്ത്വചിന്ത, ഗ്രീക്ക് തർക്കശാസ്ത്രം (ലോജിക്), ഇതര

മതഗ്രന്ഥങ്ങൾ, ശാസ്ത്രങ്ങൾ, ഭാഷാശാസ്ത്രം എന്നിവയിലെല്ലാം അദ്ദേഹം അപാരമായ വായനയും ഗവേഷണവും നടത്തി.

ഇബ്നു തൈമിയ്യയുടെ വായനയോടുള്ള ഭ്രമം എത്രത്തോളമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ പ്രമുഖ ശിഷ്യനായ ഇബ്നുൽ ഖയ്യിം 'റൗദത്തുൽ മുഹിബ്ബീൻ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ട്. ഒരിക്കൽ ശൈഖുൽ ഇസ്‌ലാം കഠിനമായ രോഗബാധിതനായി. അപ്പോൾ വൈദ്യൻ അദ്ദേഹത്തോട് പറഞ്ഞു: 'നിങ്ങളുടെ വായനയും പുസ്തക ചർച്ചകളും രോഗത്തെ കൂടുതൽ വഷളാക്കും, അതിനാൽ അത് അൽപ ദിവസത്തേക്ക് നിർത്തിവെക്കണം.' അപ്പോൾ ഇബ്നു തൈമിയ്യ ഡോക്ടറോട് ചോദിച്ചു: 'മനസ്സിന് സന്തോഷവും ഉന്മേഷവും ലഭിച്ചാൽ ശരീരത്തിന് രോഗപ്രതിരോധശേഷി കൂടുമെന്ന് നിങ്ങൾ വൈദ്യന്മാർ സമ്മതിക്കുന്നില്ലേ?' വൈദ്യൻ അതു സമ്മതിച്ചപ്പോൾ ശൈഖ് പറഞ്ഞു: 'എന്റെ മനസ്സിന്റെ സന്തോഷവും ആശ്വാസവും വായനയിലും അറിവിലുമാണ്. അതിലൂടെ എന്റെ ശരീരത്തിന് രോഗത്തോടു പൊരുതാൻ ശക്തി ലഭിക്കുന്നു.' രോഗാവസ്ഥയിലും അദ്ദേഹം വായിച്ചുകൊണ്ടേയിരുന്നു എന്ന സംഭവം അറിവിനോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു.

സത്യസന്ധമായ ആശയങ്ങൾ രേഖപ്പെടുത്തിയതിന്റെ പേരിൽ വധഭീഷണികളും നിരന്തര തടവറ വാസവും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. ഡമാസ്കസിലെ തടവറയിലായിരുന്നപ്പോഴും അദ്ദേഹത്തിന്റെ വായനയും എഴുത്തും ഒരിക്കലും തടസ്സപ്പെട്ടില്ല. തടവറയിൽവച്ചാണ് തന്റെ അമൂല്യമായ പല വിജ്ഞാനകോശ രചനകളും അദ്ദേഹം പൂർത്തിയാക്കിയത്. തടവറയിൽവച്ച് അധികാരികൾ അദ്ദേഹത്തിൽനിന്ന് പേനയും കടലാസും പുസ്തകങ്ങളും പിടിച്ചെടുത്തപ്പോൾ അദ്ദേഹം പറഞ്ഞത്, തന്റെ സ്വർഗം തന്റെ നെഞ്ചിലാണെന്നും താൻ എവിടെ പോയാലും അത് എന്നോടൊപ്പം ഉണ്ടാകുമെന്നുമാണ്. കടലാസുകൾ നഷ്ടപ്പെട്ടപ്പോൾ കരിക്കഷ്ണങ്ങൾ ഉപയോഗിച്ച് മതിലുകളിലും ലഭിച്ച ചെറിയ കടലാസുകഷ്ണങ്ങളിലും അദ്ദേഹം തന്റെ ഗവേഷണ നിഗമനങ്ങൾ എഴുതിവച്ചു.

സൂക്ഷ്മമായ അപഗ്രഥനമായിരുന്നു അദ്ദേഹത്തിന്റെ ശൈലി. ഒരു വിഷയത്തിൽ രചന നടത്തുന്നതിനു മുമ്പ് ആ വിഷയവുമായി ബന്ധപ്പെട്ട, ലഭ്യമായ സകല മുൻകാല ഗ്രന്ഥങ്ങളും അദ്ദേഹം വായിച്ചുതീർക്കുമായിരുന്നു. ഗ്രീക്ക് തത്ത്വചിന്തയെ വിമർശിച്ച് എഴുതിയ 'അർറദ്ദു അലൽ മൻത്വികിയ്യീൻ' എന്ന ഗ്രന്ഥം എഴുതുന്നതിനായി തത്ത്വചിന്തകന്മാരുടെ ഗ്രന്ഥങ്ങൾ മുഴുവൻ അദ്ദേഹം ആഴത്തിൽ വായിച്ച് വിശകലനം ചെയ്തു. അക്കാദമിക് വായനയുടെയും രചനയുടെയും വേഗതയിൽ അദ്ദേഹം അത്ഭുതമായിരുന്നു. അദ്ദേഹത്തിന്റെ പ്രശസ്തമായ 'അൽഅഖീദത്തുൽ വാസിത്വിയ്യ' എന്ന ഗ്രന്ഥം ഒരു ദിവസം ഉച്ചയ്ക്കു ശേഷം ഏകദേശം രണ്ടു മണിക്കൂർകൊണ്ട് എഴുതിത്തീർത്തതാണ്!

തനിക്ക് വിയോജിപ്പുള്ള ആശയക്കാരുടെ ഗ്രന്ഥങ്ങൾ പോലും ആഴത്തിൽ വായിച്ചശേഷം മാത്രമാണ് അദ്ദേഹം അതിനെ വിമർശിച്ചതും തിരുത്തിയതും. ഇത് ഒരു അക്കാദമിക് ഗവേഷകനു വേണ്ട ഏറ്റവും വലിയ ഗുണമാണ്. ഭൗതികമായ സുഖസൗകര്യങ്ങളെക്കാൾ പുസ്തകങ്ങൾ വായിക്കുന്നതിലും വിജ്ഞാനം വിതറുന്നതിലുമാണ് അദ്ദേഹം ആനന്ദം കണ്ടെത്തിയത്. വെറുതെ വായിച്ചുപോകുകയല്ല, മറിച്ച് ഓരോ വരിയെക്കുറിച്ചും ആഴത്തിൽ ചിന്തിക്കാനും ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ അതിനെ അപഗ്രഥിക്കാനും അദ്ദേഹം എഴുത്തുകാരെ പഠിപ്പിച്ചു.

ഒരു ഇസ്‌ലാമിക എഴുത്തുകാരന്റെ തൂലിക അയാളുടെ വായനപോലെത്തന്നെ സത്യസന്ധവും സുതാര്യവും ആകേണ്ടതുണ്ട്. അക്കാദമിക് തലത്തിലുള്ള രചനകളിൽ പാലിക്കേണ്ട പ്രധാന മൂല്യങ്ങൾ ഉന്നതമായ സത്യസന്ധതയും നിഷ്പക്ഷതയുമാണ്. വിവരങ്ങൾ കൃത്യമായി ഉദ്ധരിക്കുകയും വ്യാജമായ കാര്യങ്ങളോ തെളിവില്ലാത്ത കാര്യങ്ങളോ എഴുതാതിരിക്കുകയും വേണം. മറ്റൊരാളുടെ ആശയം സ്വന്തം പേരിലാക്കാതെ, കടപ്പാട് വ്യക്തമായി രേഖപ്പെടുത്തി, കോപ്പിയടി പൂർണമായും ഒഴിവാക്കേണ്ടതുണ്ട്. ഒരു ജനതയോടുള്ള ശത്രുത അൽപം പോലും നീതി ചെയ്യാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത് എന്നും, നീതി പാലിക്കുകയാണ് തഖ്‌വയോട് അഥവാ ഭക്തിയോട് ഏറ്റവും അടുത്തത് എന്നും ഖുർആൻ വ്യക്തമാക്കുന്നു.

ഇത് ഗവേഷണ രംഗത്ത് പ്രയോഗിക്കുമ്പോൾ, സ്വന്തം അഭിപ്രായത്തിനെതിരായ തെളിവുകൾ കണ്ടാലും അത് മറച്ചുവയ്ക്കാതെ സത്യസന്ധമായി രേഖപ്പെടുത്താൻ എഴുത്തുകാരൻ ബാധ്യസ്ഥനാണ്. പുകഴ്ത്തലോ സാമ്പത്തിക നേട്ടമോ ആകരുത് രചനയുടെ പ്രധാന ലക്ഷ്യം, മറിച്ച് വിജ്ഞാന വ്യാപനവും

സത്യത്തിന്റെ സ്ഥാപനവുമായിരിക്കണം.

എഴുത്തുകാർ വിപുലമായ വായനയെ ജീവിതചര്യയാക്കേണ്ടതുണ്ട്. ഒരു വിഷയത്തിൽ മാത്രം ഒതുങ്ങാതെ ചരിത്രം, തത്വചിന്ത, ഭാഷാശാസ്ത്രം, ശാസ്ത്രം, പ്രമാണങ്ങൾ എന്നിവയെല്ലാം വായിക്കണം. വായിക്കുന്ന പുസ്തകങ്ങളിൽനിന്നുള്ള പ്രധാന ആശയങ്ങളും പേജ് നമ്പറുകളും കുറിച്ചുവയ്ക്കുന്ന ശീലം അത്യന്താപേക്ഷിതമാണ്.

ഇമാം ഗസ്സാലി തന്റെ കുറിപ്പുകൾ കവർച്ച ചെയ്യപ്പെട്ടപ്പോൾ പഠിച്ച മഹത്തായ പാഠംകൂടി ഓർക്കുന്നത് നന്നായിരിക്കും.

ഇമാം ഗസ്സാലി തന്റെ ജന്മദേശമായ ത്വൂസിൽനിന്ന് ജുർജാനിലേക്ക് പോയി, ഇമാം അബൂനസ്ർ അൽഇസ്മാഈലി എന്ന പ്രമുഖ പണ്ഡിതനിൽനിന്ന് വിജ്ഞാനം നേടി. അവിടെവച്ച് അധ്യാപകൻ പറഞ്ഞുകൊടുത്ത ഓരോ കാര്യവും അദ്ദേഹം കടലാസുകളിൽ കുറിച്ചുവയ്ക്കുകയും അത് പുസ്തക രൂപത്തിൽ ക്രോഡീകരിക്കുകയും ചെയ്തു. പഠനം പൂർത്തിയാക്കി ജുർജാനിൽനിന്ന് ത്വൂസിലേക്ക് മടങ്ങുന്ന വഴിയിൽ അദ്ദേഹത്തിന്റെ യാത്രാസംഘത്തെ ഒരു സംഘം കൊള്ളക്കാർ തടഞ്ഞു നിർത്തി. കൊള്ളക്കാർ യാത്രാസംഘത്തിന്റെ സകല സമ്പാദ്യങ്ങളും കവർന്നു. ഇമാം ഗസ്സാലിയുടെ കയ്യിലുണ്ടായിരുന്ന പുസ്തകക്കെട്ടും അവർ പിടിച്ചെടുത്തു.

ഈ സമയത്ത് ഇമാം ഗസ്സാലി കൊള്ളക്കാരുടെ തലവന്റെ പിറകെ നടന്ന് കരഞ്ഞുകൊണ്ട് തന്റെ പുസ്തകക്കെട്ട് തിരികെ ചോദിച്ചു. പ്രമുഖ ചരിത്രകാരനായ ഇമാം താജുദ്ദീൻ അസ്സുബ്കി തന്റെ 'ത്വബഖാത്തുശ്ശാഫിഇയ്യത്തിൽ കുബ്റാ' എന്ന ഗ്രന്ഥത്തിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. കൊള്ളക്കാരുടെ തലവൻ ഗസ്സാലിയോട് ചോദിച്ചു: 'കഷ്ടം! എന്താണ് ഈ പുസ്തകങ്ങളിൽ ഉള്ളത്?' ഇമാം ഗസ്സാലി പറഞ്ഞു: 'കേട്ടുപഠിക്കാനും എഴുതിയെടുക്കാനും അറിവ് മനസ്സിലാക്കാനുമായി ഞാൻ നാടുവിട്ടുപോയി സമ്പാദിച്ച ഏടുകളാണ് ഇവ. അതുകൊണ്ട് ദയവായി ഇതൊന്ന് തിരിച്ചുതരണം.' അപ്പോൾ കൊള്ളത്തലവൻ പരിഹാസത്തോടെ ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഇതിൽനിന്നൊക്കെ അറിവുനേടി എന്നു പറയാൻ നിനക്ക് എങ്ങനെ സാധിക്കും? ഈ പുസ്തകങ്ങൾ ഞങ്ങൾ നിന്നിൽ നിന്ന് പിടിച്ചെടുത്തപ്പോൾ നീ അറിവൊന്നുമില്ലാത്ത വെറുംകയ്യനായി മാറിയില്ലേ?' തുടർന്ന് കൊള്ളത്തലവൻ ആ ഏടുകൾ അദ്ദേഹത്തിന് തിരികെ നൽകാൻ അനുമതി കൊടുത്തു.

കൊള്ളക്കാരന്റെ ആ വാക്ക് ഇമാം ഗസ്സാലിയുടെ ചിന്തയെ ആകെ മാറ്റിമറിച്ചു. അല്ലാഹു തനിക്ക് വഴിനടക്കാൻ വേണ്ടിയാണ് ഒരു കൊള്ളക്കാരനിലൂടെ ഈ ഉപദേശം നൽകിയതെന്ന് അദ്ദേഹം മനസ്സിലാക്കി. തന്റെ ജന്മദേശമായ ത്വൂസിൽ തിരിച്ചെത്തിയ അദ്ദേഹം തുടർച്ചയായ 3 വർഷങ്ങൾകൊണ്ട് താൻ എഴുതിവെച്ച സകല കുറിപ്പുകളും പുസ്തകങ്ങളും മനഃപാഠമാക്കുകയും ആഴത്തിൽ പഠിച്ചെടുക്കുകയും ചെയ്തു. ഇനി ഒരു കൊള്ളക്കാരൻ തന്റെ പുസ്തകങ്ങൾ കവർന്നാലും താൻ അറിവില്ലാത്തവനായി മാറില്ലെന്ന് അദ്ദേഹം ഉറപ്പിച്ചു. കേവലം കടലാസുകളിൽ കുറിച്ചുവയ്ക്കുന്ന കുറിപ്പുകളല്ല; മനസ്സിൽ ആഴത്തിൽ പതിയുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നതാണ് യഥാർഥ അറിവ് എന്ന മഹത്തായ പാഠമാണ് ഈ സംഭവത്തിലൂടെ നമുക്ക് ലഭിക്കുന്നത്.

കേവലം കുറിപ്പുകൾ നിർമിക്കലല്ല ഒരു ഗവേഷകന്റെ ലക്ഷ്യം; വായിക്കുന്ന പുസ്തകങ്ങളിൽനിന്ന് പേജുകളും ആശയങ്ങളും കുറിച്ചുവയ്ക്കുന്നത് അറിവിലേക്കുള്ള ആദ്യ പടി മാത്രമാണ്. കുറിച്ചുവയ്ക്കുന്ന കാര്യങ്ങൾ കേവലം ഡയറിയിലോ കമ്പ്യൂട്ടറിലോ ഒതുങ്ങരുത്; മറിച്ച് അത് ചിന്തയിൽ പാകപ്പെടുകയും മനസ്സിൽ ആഴത്തിൽ

**കേവലം കുറിപ്പുകൾ നിർമിക്കലല്ല ഒരു ഗവേഷകന്റെ ലക്ഷ്യം; വായിക്കുന്ന പുസ്തകങ്ങളിൽനിന്ന് പേജുകളും ആശയങ്ങളും കുറിച്ചുവയ്ക്കുന്നത് അറിവിലേക്കുള്ള ആദ്യ പടി മാത്രമാണ്. കുറിച്ചുവയ്ക്കുന്ന കാര്യങ്ങൾ കേവലം ഡയറിയിലോ കമ്പ്യൂട്ടറിലോ ഒതുങ്ങരുത്; മറിച്ച് അത് ചിന്തയിൽ പാകപ്പെടുകയും മനസ്സിൽ ആഴത്തിൽ പതിയുകയും വേണം. സ്വന്തം മനസ്സിൽ ആഴത്തിൽ പതിഞ്ഞ അറിവുപയോഗിച്ച് എഴുതുമ്പോൾ മാത്രമെ തൂലികയ്ക്ക് മൂർച്ചയും സത്യസന്ധതയും കൈവരൂ.**

പതിയുകയും വേണം. സ്വന്തം മനസ്സിൽ ആഴത്തിൽ പതിഞ്ഞ അറിവുപയോഗിച്ച് എഴുതുമ്പോൾ മാത്രമെ തൂലികയ്ക്ക് മൂർച്ചയും സത്യസന്ധതയും കൈവരൂ. വായിച്ച വിവരങ്ങൾ ചിന്തയിൽ പാകപ്പെടുത്തി സ്വന്തം ശൈലി രൂപപ്പെടുത്തുകയും, ദിവസവും നിശ്ചിത സമയം എഴുതാനായി മാറ്റിവയ്ക്കുകയും വേണം. എഴുതിയ കാര്യങ്ങൾ വീണ്ടും വായിച്ച് പിഴവുകൾ തിരുത്തുന്ന വിമർശനാത്മകമായ പരിശോധനയും ആവശ്യമാണ്.

എഴുത്തുപോലെതന്നെ ഏറെ ജാഗ്രതയിൽ സമീപിക്കേണ്ടുന്ന മറ്റൊരു വിഷയമാണ് പരിഭാഷ. ക്വുർആനും ഹദീസും ഇസ്‌ലാമിക വിശ്വാസകാര്യങ്ങളും കർമശാസ്ത്ര പ്രമാണങ്ങളും സലഫി മൻഹജുമൊക്കെ കേവലം വാക്കുകളുടെയോ ഭാഷയുടെയോ വിനിമയം മാത്രമല്ല, മറിച്ച് ഒരു ജനതയുടെ ആത്മാവും വഴികാട്ടിയുമാണ്. അതുകൊണ്ടുതന്നെ അറബിയിൽനിന്നു മലയാളത്തിലേക്കോ ഇതര ഭാഷകളിലേക്കോ ഇവ മൊഴിമാറ്റം ചെയ്യുമ്പോൾ കേവലം വ്യാകരണ പരിജ്ഞാനത്തിനപ്പുറം ആഴത്തിലുള്ള വിഷയവിവരവും ഭയഭക്തിയോടുകൂടിയ സൂക്ഷ്മതയും അനിവാര്യമാണ്. ഒരു വാക്കിന്റെ തെറ്റായ വിവർത്തനം അല്ലെങ്കിൽ ശരിയല്ലാത്ത പദപ്രയോഗം വൻ ആശയക്കുഴപ്പങ്ങൾക്കും കർമശാസ്ത്രപരമായ ഭിന്നതകൾക്കും അക്വീദപരമായ (വിശ്വാസപരമായ) അപചയങ്ങൾക്കും വഴിവെച്ചേക്കാം. അറബി ഭാഷയിലെ പ്രയോഗങ്ങൾ പലപ്പോഴും നിർദിഷ്ട ഇസ്‌ലാമിക സാങ്കേതിക അർഥങ്ങൾ (ഇസ്തിലാഹാത്ത്) ഉൾക്കൊള്ളുന്നവയാണ്.

'തക്വ്‌വ,' 'ഇഖ്‌ലാസ്,' 'തൗഹീദ്,' 'സുഹ്ദ്,' 'ഇഹ്സാൻ' തുടങ്ങിയ പദങ്ങളെ ഏതെങ്കിലും ഒരു മലയാളം വാക്കിലേക്ക് മാത്രമായി ചുരുക്കുന്നത് ആ പദങ്ങളുടെ അർഥവിശാലതയെയും ഗാംഭീര്യത്തെയും ചോർത്തിക്കളയുന്നതിനു തുല്യമാണ്. ശരീഅത്തിന്റെ പാരമ്പര്യവും പൂർവികരായ പണ്ഡിതന്മാരുടെ (സലഫുസ്സ്വാലിഹുകൾ) കാഴ്ചപ്പാടുകളും വ്യക്തമായി ഗ്രഹിക്കാത്തവർ ഇത്തരം വിശുദ്ധ ഗ്രന്ഥങ്ങളും സലഫി മൻഹജിന്റെ ഗ്രന്ഥങ്ങളും പരിഭാഷപ്പെടുത്താനിറങ്ങുന്നത് വൻ ദുരന്തങ്ങൾക്ക് കാരണമാകും. പ്രമാണഗ്രന്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർ തങ്ങളുടെ വ്യക്തിപരമായ അഭിപ്രായങ്ങളോ രാഷ്ട്രീയ വായനകളോ പരിഭാഷയിലേക്ക് കലർത്താതെ, വിശുദ്ധ ക്വുർആന്റെ അംഗീകൃത തഫ്സീറുകൾക്കും ഹദീസ് ശറഹുകൾക്കും തികച്ചും വിധേയമായി മാത്രം പദാനുപദ വിവർത്തനത്തോടൊപ്പം തെളിമയുള്ള ആശയവ്യക്തത നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

അറബ് സാഹിത്യങ്ങളുടെ പരിഭാഷയിൽ ഈ ജാഗ്രത വേറൊരു തലത്തിൽ അത്യന്തം പ്രസക്തമാണ്. ക്ലാസിക്കൽ ആധുനിക അറബി സാഹിത്യങ്ങൾ അത്യധികം അലങ്കാരസമ്പുഷ്ടവും അറബ് സാംസ്കാരികതയിൽ ആഴത്തിൽ വേരൂന്നിയതുമാണ്. അറബിയിലെ പ്രത്യേക ശൈലികളും (ഇസ്തിആറ, തശ്ബീഹ് തുടങ്ങിയ അലങ്കാരങ്ങൾ) രൂപകങ്ങളും പഴഞ്ചൊല്ലുകളും അതേപടി മലയാളത്തിലേക്ക് വാച്യാർഥത്തിൽ തർജമ ചെയ്താൽ അത് വായനക്കാരന് വിരസവും തികച്ചും അർഥശൂന്യവുമായി അനുഭവപ്പെടാം. അതിനാൽ സാഹിത്യ പരിഭാഷകർ ആ ഭാഷയുടെ സംസ്കാരത്തെയും തദ്ദേശീയ പശ്ചാത്തലത്തെയും ശരിയായി ഉൾക്കൊണ്ട് മലയാളത്തിന്റെ സ്വാഭാവിക ഒഴുക്കിലേക്ക് മാറ്റിയെഴുതാനുള്ള അപാരമായ സാഹിത്യ നൈപുണ്യം കാട്ടേണ്ടതുണ്ട്. കവിതകളും കഥകളും മൊഴിമാറ്റുമ്പോൾ അറബി ഭാഷയുടെ ആന്തരീകമായ ധ്വനിയും അന്തരീക്ഷവും ചോർന്നുപോകാതെ സൂക്ഷിക്കുക എന്നത് വലിയൊരു വെല്ലുവിളിയാണ്.

*(അവസാനിച്ചില്ല)*

> **സാഹിത്യ പരിഭാഷകർ അറബി ഭാഷയുടെ സംസ്കാരത്തെയും തദ്ദേശീയ പശ്ചാത്തലത്തെയും ശരിയായി ഉൾക്കൊണ്ട് മലയാളത്തിന്റെ സ്വാഭാവിക ഒഴുക്കിലേക്ക് മാറ്റിയെഴുതാനുള്ള അപാരമായ സാഹിത്യ നൈപുണ്യം കാട്ടേണ്ടതുണ്ട്. കവിതകളും കഥകളും മൊഴിമാറ്റുമ്പോൾ അറബി ഭാഷയുടെ ആന്തരീകമായ ധ്വനിയും അന്തരീക്ഷവും ചോർന്നുപോകാതെ സൂക്ഷിക്കുക എന്നത് വലിയൊരു വെല്ലുവിളിയാണ്.**



# ഫെമിനിസവും ഇസ്‌ലാമിക തത്ത്വങ്ങളും

മുഹമ്മദ് ഫയാസ്, നാദാപുരം

“നമ്മുടെ രക്ഷിതാവ് സ്ത്രീകളെ (അവരുടെതായ) ഒരു മാനസികവും ശാരീരികവുമായ ഘടനയോടെയാണ് രൂപകൽപന ചെയ്തത്. പുരുഷന്മാരെയും (അവരുടെതായ) ഒരു മാനസികവും ശാരീരികവുമായ ഘടനയോടെയാണ് രൂപകൽപന ചെയ്തത്. നാഡീവ്യൂഹങ്ങളുടെ ചാർജുകളിൽ വ്യത്യാസമുണ്ട്. ഉദാഹരണം: പുരുഷന്മാരിൽ, വികാരങ്ങൾ ഒരുഭാഗത്തും യുക്തി മറ്റൊരുഭാഗത്തുമാണ്. പുരുഷൻ സ്നേഹിക്കുമ്പോൾ യുക്തിയില്ലാതെ സ്നേഹിക്കുന്നു. അവൻ യുക്തിസഹമായി ചിന്തിക്കുമ്പോൾ വികാരമില്ലാതെ ചിന്തിക്കുന്നു. അവൻ കഠിനനാണ്. എന്നാൽ സ്ത്രീ അങ്ങനെയല്ല! സ്ത്രീ വികാരങ്ങളെ യുക്തിസഹമാക്കുന്നു! വികാരങ്ങളുടെ ഉച്ചസ്ഥായിയിലും അവൾ യുക്തിയെ ഉപേക്ഷിക്കുന്നില്ല”-ലോകത്തിലെ ഏറ്റവും പ്രഗത്ഭരായ മനഃശാസ്ത്രജ്ഞരിൽ ഒരാളായ അഹ്മദ് ഉകാഷയുടെ (Ahmad Ukashah) വാക്കുകളാണിത്.

**ശരീഅത്ത് വന്നത് പുരുഷന്റെ തന്നിഷ്ടങ്ങൾക്ക് അനുസരിച്ചല്ല! ശരീഅത്ത് ലൈംഗിക ബന്ധങ്ങളെ പരിമിതപ്പെടുത്തിയിരിക്കുന്നു, ഇത് പുരുഷന്റെ തന്നിഷ്ടങ്ങൾക്ക് വിരുദ്ധമാണ്. ഇവിടെ സമത്വത്തിന്റെ യുക്തി പിൻപറ്റിയാൽ അത് സ്ത്രീകൾക്ക് എന്തുമാത്രം പ്രയാസം സൃഷ്ടിക്കുമെന്ന് ആലോചിക്കുക. വിവാഹത്തിന്റെ നിബന്ധന സ്ഥിരതയും ദീർഘകാല നിലനിൽപ്പുമായിരിക്കണമെന്ന് ശരീഅത്ത് നിർബന്ധമാക്കിയിട്ടുണ്ട്. വിവാഹമോചനത്തിന്റെ ഉദ്ദേശ്യത്തോടെ വിവാഹം കഴിക്കുന്നത് അനുവദനീയമല്ല. എന്നാൽ സമത്വത്തിന്റെ യുക്തി പിന്തുടരുകയാണെങ്കിൽ, താൽക്കാലിക ബന്ധങ്ങളെ അനുവദിക്കേണ്ടിവരും. ഇത് ഒരിക്കലും സ്ത്രീയുടെയോ കുടുംബത്തിന്റെയോ താൽപര്യങ്ങൾക്ക് അനുഗുണമല്ല!**

ജനിച്ച് ഏതാനും ദിവസങ്ങൾ മാത്രം പ്രായമുള്ള കുട്ടിയുടെ കണ്ണുകളിലേക്ക് മാത്രം നോക്കി അത് ആൺകുട്ടിയാണോ പെൺകുട്ടിയാണോ എന്നു പറയാൻ കഴിയും എന്ന് മനഃശാസ്ത്രജ്ഞർ പറയുന്നു. വളർന്നുവരവെ പെൺകുഞ്ഞ് പാവകളിൽ താൽപര്യം കാണിക്കുന്നതായും ആൺകുഞ്ഞ് സങ്കീർണമായ കളിപ്പാട്ടങ്ങളിൽ താൽപര്യം കാണിക്കുന്നതായും കാണാം. മിക്കവാറും പെൺകുട്ടികൾ നേരത്തെ സംസാരിക്കുന്നു. ആൺകുട്ടികൾ അക്രമാസക്തമായ കളികൾ ഇഷ്ടപ്പെടുന്നതായി കാണാം. അവർക്ക് സഞ്ചരിക്കാൻ കൂടുതൽ സ്ഥലം ആവശ്യമാണ്. അവർ വലിയ ഇടങ്ങളിൽ നടക്കുന്നു. എന്നാൽ പെൺകുട്ടികൾ പൊതുവെ ഒരു കോണിൽ ഒതുങ്ങിക്കൂടിയിരിക്കുന്നതായി കാണാം. സ്ത്രീ, പുരുഷനുമായി ശാശ്വതമായ ബന്ധം പുലർത്താൻ ആഗ്രഹിക്കുന്നു. ബന്ധത്തിന്റെ ദീർഘകാല നിലനിൽപ് അവൾ ആഗ്രഹിക്കുന്നു. എന്നാൽ പുരുഷൻ അങ്ങനെയല്ല, അവൻ താൽക്കാലിക ബന്ധങ്ങളാണ് (Fling relationships) ഇഷ്ടപ്പെടുന്നത്.

ഇങ്ങനെയൊക്കെയാണ് കാര്യമെങ്കിൽ സമത്വം എന്ന ആശയം എങ്ങനെ നടപ്പിൽ വരും? അത് സ്ത്രീയുടെ പ്രകൃതിയെയും സവിശേഷതകളെയും നശിപ്പിക്കുന്ന ഒന്നല്ലേ? അതുകൊണ്ടുതന്നെ ശരീഅത്ത് (ഇസ്‌ലാമിക നിയമം) ഇതെല്ലാം കണക്കിലെടുത്തിട്ടുണ്ട്. ശരീഅത്ത് വന്നത് പുരുഷന്റെ തന്നിഷ്ടങ്ങൾക്ക് അനുസരിച്ചല്ല! ശരീഅത്ത് ലൈംഗിക ബന്ധങ്ങളെ പരിമിതപ്പെടുത്തിയിരിക്കുന്നു, ഇത് പുരുഷന്റെ തന്നിഷ്ടങ്ങൾക്ക് വിരുദ്ധമാണ്. ഇവിടെ സമത്വത്തിന്റെ യുക്തി പിൻപറ്റിയാൽ അത് സ്ത്രീകൾക്ക് എന്തുമാത്രം പ്രയാസം സൃഷ്ടിക്കുമെന്ന് ആലോചിക്കുക.

വിവാഹത്തിന്റെ നിബന്ധന സ്ഥിരതയും ദീർഘകാല നിലനിൽപ്പുമായിരിക്കണമെന്ന് ശരീഅത്ത് നിർബന്ധമാക്കിയിട്ടുണ്ട്. വിവാഹമോചനത്തിന്റെ ഉദ്ദേശ്യത്തോടെ വിവാഹം കഴിക്കുന്നത് അനുവദനീയമല്ല. എന്നാൽ സമത്വത്തിന്റെ യുക്തി പിന്തുടരുകയാണെങ്കിൽ, താൽക്കാലിക ബന്ധങ്ങളെ അനുവദിക്കേണ്ടിവരും. ഇത് ഒരിക്കലും സ്ത്രീയുടെയോ കുടുംബത്തിന്റെയോ താൽപര്യങ്ങൾക്ക് അനുഗുണമല്ല!

വിവാഹ കരാറിലൂടെ പുരുഷൻ സ്ത്രീയുടെ ഉത്തരവാദിത്തം ഏറ്റെടുക്കണമെന്ന് ശരീഅത്ത് നിർബന്ധമാക്കിയിട്ടുണ്ട്; കൂടാതെ പുരുഷനെ സംരക്ഷണച്ചെലവിന് ബാധ്യസ്ഥനാക്കിയിട്ടുമുണ്ട്. സമത്വത്തിന്റെ യുക്തി പിന്തുടരുകയാണെങ്കിൽ, ഇരുവർക്കും തുല്യമായി സമ്പത്ത് ചെലവഴിക്കേണ്ടിവരും! അതിനാൽ, സമത്വം എന്നത് ഒരിക്കലും സ്ത്രീയുടെയോ കുടുംബത്തിന്റെയോ താൽപര്യ ങ്ങൾക്ക് അനുഗുണമല്ല.

സ്വർഗത്തിൽനിന്ന് പുറത്തുപോകാൻ ഇടവന്നാൽ 'നീ കഷ്ടപ്പെടും' എന്നാണ് അല്ലാഹു ആദം നബി(അ)യോടു പറഞ്ഞത് (ഖുർആൻ 20:117); 'നിങ്ങൾ ഇരുവരും കഷ്ടപ്പെടും' എന്നല്ല.

പുരുഷനാണ് ഭൂമിയിലെ ജീവിതത്തിൽ അധ്വാനിക്കേണ്ടവനും അതിന്റെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടവനും എന്നർഥം.

പുരുഷന്റെ ശാരീരിക ഘടനയും ശക്തിയും മാനസികാവസ്ഥയും സ്ത്രീയെക്കാളും ഉയർന്നതാണ്. അത് അവനെ കഠിനാധ്വാനത്തിന് സജ്ജനാക്കുന്നു. അവനു ജോലി ചെയ്യാനായി ദിനേന ദൂരയാത്ര ചെയ്യാം, പക്ഷേ സ്ത്രീക്ക് അത് പ്രയാസകരമാണ്. പുരുഷന് തന്റെ കുഞ്ഞിനായി രാത്രി മുഴുവൻ ഉണർന്നിരിക്കൽ പ്രയാസകരമാണ്. എന്നാൽ ഒരു മാതാവിന് അതിനുകഴിയും; അത് അവൾ ഇഷ്ടപ്പെടുന്നു, കാരണം അവളുടെ ശാരീരിക-മാനസിക അവസ്ഥ അതിന് അനുയോജ്യമായതാണ്.

ചുരുക്കത്തിൽ, സ്ത്രീയുടെയും പുരുഷന്റെയും പ്രകൃതിക്ക് കൂടുതൽ അനുയോജ്യമായതും ഒരു കുടുംബം സ്ഥാപിക്കുന്നതിന് ഏറ്റവും മികച്ചതുമായ ഒരു വ്യവസ്ഥയാണ് ഇസ്‌ലാം സ്ഥാപിച്ചിട്ടുള്ളത്.

ജോലിസ്ഥലങ്ങളിലെ അനിയന്ത്രിതമായ പുരുഷ-സ്ത്രീ സമ്പർക്കം ഹോർമോൺ വ്യതിയാനങ്ങൾക്കും കുടുംബബന്ധങ്ങളുടെ തകർച്ചയ്ക്കും കാരണമാകുന്നുണ്ടെന്ന് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നു. ഒരു സ്ത്രീ പുരുഷനോടൊപ്പം വളരെക്കാലം ഇടപഴകുമ്പോൾ സന്തോഷ ഹോർമോണായ എൻഡോർഫിൻ (Endorphins) ഉത്പാദിപ്പിക്കപ്പെടുകയും, പിന്നീട് അതേ സന്തോഷം ലഭിക്കാൻ വലിയ ഉത്തേജനങ്ങൾ ആവശ്യമായി വരികയും ചെയ്യുന്നു. ഇത് വഴിവിട്ട ബന്ധങ്ങ

**ഒരു സ്ത്രീ പുരുഷനോടൊപ്പം വളരെക്കാലം ഇടപഴകുമ്പോൾ സന്തോഷ ഹോർമോണായ എൻഡോർഫിൻ (Endorphins) ഉത്പാദിപ്പിക്കപ്പെടുകയും, പിന്നീട് അതേ സന്തോഷം ലഭിക്കാൻ വലിയ ഉത്തേജനങ്ങൾ ആവശ്യമായി വരികയും ചെയ്യുന്നു. ഇത് വഴിവിട്ട ബന്ധങ്ങളിലേക്ക് നയിക്കുന്നു. അതുകൊണ്ടാണ് പടിഞ്ഞാറൻ രാജ്യങ്ങളിൽ പോലും ഇപ്പോൾ പഠനമികവ് വർധിപ്പിക്കാനായി ഒറ്റലിംഗ വിദ്യാഭ്യാസവും (Single-sex education) പ്രത്യേക തൊഴിലിടങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നത്.**

ളിലേക്ക് നയിക്കുന്നു. അതുകൊണ്ടാണ് പടിഞ്ഞാറൻ രാജ്യങ്ങളിൽ പോലും ഇപ്പോൾ പഠനമികവ് വർധിപ്പിക്കാനായി ഒറ്റലിംഗ വിദ്യാഭ്യാസവും (Single-sex education) പ്രത്യേക തൊഴിലിടങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നത്.

**മുതലാളിത്തവും ഫെമിനിസവും; അവിശുദ്ധ സഖ്യം**

പാശ്ചാത്യ സമൂഹം ഫെമിനിസത്തെ സ്വീകരിച്ചത് ഫെമിനിസ്റ്റ് സമ്മർദം കാരണമല്ല; ഫെമിനിസം പാശ്ചാത്യ സമൂഹത്തിന്റെതന്നെ ഒരു ആവശ്യമായിരുന്നു! മുതലാളിത്ത വ്യവസ്ഥിതിക്കും (Capitalist system) ഫെമിനിസം ആവശ്യമായിരുന്നു!

ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ, അത് രണ്ടാം ലോകമഹായുദ്ധത്തിന്റെ അനന്തരഫലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. യുദ്ധം അവസാനിച്ചയുടൻ ഈ പ്രവണത പ്രത്യക്ഷപ്പെട്ടു! മുതലാളിത്തത്തിന് സ്ത്രീകളെ തൊഴിൽ വിപണിയിലേക്ക് വേഗത്തിൽ കൊണ്ടുവരേണ്ടതുണ്ടായിരുന്നു! യുദ്ധസാഹചര്യങ്ങൾ കാരണം തൊഴിലാളികളുടെ രൂക്ഷമായ ക്ഷാമം അനുഭവപ്പെട്ടിരുന്നു! നികുതി പിരിവുകാർ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചു; പുരുഷന്മാർ മാത്രം ജോലി ചെയ്താൽ പകുതി നികുതി നഷ്ടപ്പെടും! അങ്ങനെ ഫെമിനിസ്റ്റ്-മുതലാളിത്ത സഖ്യം രൂപപ്പെട്ടു! ഫെമിനിസം അവരുടെ അജണ്ടകൾക്ക് അനുയോജ്യമായ അന്തരീക്ഷവും ഒരുക്കി നൽകി. പരമ്പരാഗത കുടുംബം, പിതാവ്, അമ്മ, കുട്ടികൾ എന്ന വ്യവസ്ഥയിലേക്ക് ഈ അജണ്ടകൾക്ക് തുളച്ചുകയറാൻ പ്രയാസമാണ്. എന്നാൽ സ്ത്രീയെ അകറ്റി നിർത്തുകയും അവളെ തിരക്കിലാക്കുകയും ചെയ്താൽ കുടുംബത്തിലേക്ക് പ്രവേശിക്കാൻ എളുപ്പമാകും. അങ്ങനെ

മുതലാളിത്തം ഫെമിനിസവുമായി സഖ്യത്തിലായി. അജണ്ടകൾ ഫെമിനിസവുമായി സഖ്യത്തിലായി. സ്വവർഗരതി ഫെമിനിസവുമായി സഖ്യത്തിലായി. ജെൻഡർ (Gender) ഫെമിനിസവുമായി സഖ്യത്തിലായി!

**ഇസ്‌ലാമിക നിയമങ്ങളുടെ സവിശേഷത**

ഇസ്‌ലാം പുരുഷന്റെയും സ്ത്രീയുടെയും തന്നിഷ്ടങ്ങളെ നിയന്ത്രിക്കുന്നത് സമൂഹത്തിന്റെ നിലനിൽപിനു വേണ്ടിയാണ്. നിരീശ്വരവാദപരമായ ഒരു ഭൗതിക ലോകത്ത് സ്ത്രീക്ക് മൃഗത്തെക്കാൾ വലിയ വിലയില്ല. ചാൾസ് ഡാർവിനെപ്പോലുള്ള പരിണാമ സിദ്ധാന്തക്കാർ സ്ത്രീയെ പുരുഷനെക്കാൾ താഴ്ന്ന പരിണാമ ഘട്ടത്തിലുള്ളവളായും ഗൊറില്ലയോട് അടുത്തവളായുമാണ് ശാസ്ത്രീയമായി ചിത്രീകരിച്ചത് (സ്റ്റീഫൻ ജി.ഗൗൾഡ് റിപ്പോർട്ട് ചെയ്തത്). റിച്ചാർഡ് ഡോക്കിൻസ് സ്ത്രീയെ വെറും ജീൻ വഹിക്കാനുള്ള പാത്രമായി കണ്ടു.

ആധുനിക സമൂഹത്തിൽ മുസ്‌ലിം സ്ത്രീകൾ അഭിമുഖീകരിക്കുന്ന ആശയപരമായ വടംവലികൾക്കിടയിൽ, പാശ്ചാത്യ ഫെമിനിസത്തിന്റെയും ഭൗതികവാദത്തിന്റെയും യാഥാർഥ്യങ്ങൾ തിരിച്ചറിയേണ്ടത് അത്യന്താപേക്ഷിതമാണ്. ഫെമിനിസം സ്ത്രീക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നുവെന്ന് അവകാശപ്പെടുമ്പോഴും, പ്രായോഗികതലത്തിൽ അത് മുതലാളിത്ത താൽപര്യങ്ങൾക്കും പുരുഷന്മാരുടെ സ്വാർഥതാൽപര്യങ്ങൾക്കും സ്ത്രീയുടെ ശരീരം സൗജന്യമായി വിട്ടുകൊടുക്കുന്ന ഒരു വ്യവസ്ഥയായി മാറുകയാണ് ചെയ്തത്. പാശ്ചാത്യ മാതൃകകൾ പീഡനങ്ങളുടെയും ഗർഭഛിദ്രങ്ങളുടെയും നിരക്ക് വർധിപ്പിച്ചപ്പോൾ, പ്രകൃതിപരമായ നീതിയും ആദരവും സുരക്ഷിതത്വവും നൽകിക്കൊണ്ട് സ്ത്രീയെ ആദരിച്ചത് ഇസ്‌ലാമിക നിയമങ്ങളാണ്.



സമത്വമെന്ന പേരിൽ സ്ത്രീയെ പുരുഷന്റെ അതേ ബാധ്യതകളിലേക്കു തള്ളിവിടുന്നത് അവളുടെ സവിശേഷതകളെയും സഹജപ്രകൃതിയെയും തകർക്കുന്ന ക്രൂരതയാണെന്ന് മനഃശാസ്ത്രപരവും ജീവശാസ്ത്രപരവുമായ യാഥാർഥ്യങ്ങൾ വ്യക്തമാക്കുന്നു. പുരുഷൻ സംരക്ഷകനാവുകയും സ്ത്രീ സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന ആരോഗ്യകരമായ കുടുംബജീവിതമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. നിരീശ്വരവാദവും പരിണാമ സിദ്ധാന്തങ്ങളും സ്ത്രീയെ കേവലം ജൈവിക വസ്തുവായി മാത്രം കാണുമ്പോൾ, മതം അവൾക്ക് ഉന്നതമായ ആത്മീയ പദവിയും അർഹമായ സുരക്ഷിതത്വവും ഉറപ്പുനൽകുന്നു. അതിനാൽ, പാശ്ചാത്യ അജണ്ടകളുടെ കെണിയിൽ വീഴാതെ, ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ സ്വന്തം വ്യക്തിത്വവും കുടുംബവ്യവസ്ഥയും സംരക്ഷിക്കാൻ പെൺകുട്ടികൾ തയ്യാറാകേണ്ടതുണ്ട്. ■

**സമത്വമെന്ന പേരിൽ സ്ത്രീയെ പുരുഷന്റെ അതേ ബാധ്യതകളിലേക്കു തള്ളിവിടുന്നത് അവളുടെ സവിശേഷതകളെയും സഹജപ്രകൃതിയെയും തകർക്കുന്ന ക്രൂരതയാണെന്ന് മനഃശാസ്ത്രപരവും ജീവശാസ്ത്രപരവുമായ യാഥാർഥ്യങ്ങൾ വ്യക്തമാക്കുന്നു. പുരുഷൻ സംരക്ഷകനാവുകയും സ്ത്രീ സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന ആരോഗ്യകരമായ കുടുംബജീവിതമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. നിരീശ്വരവാദവും പരിണാമ സിദ്ധാന്തങ്ങളും സ്ത്രീയെ കേവലം ജൈവിക വസ്തുവായി മാത്രം കാണുമ്പോൾ, മതം അവൾക്ക് ഉന്നതമായ ആത്മീയ പദവിയും അർഹമായ സുരക്ഷിതത്വവും ഉറപ്പുനൽകുന്നു.**



# നവജാത ശിശുക്കളിലെ മഞ്ഞപ്പിത്തം

ഡോ. ഹിസാന ജഹാൻ

പിറന്നുവീഴുന്ന എല്ലാ കുഞ്ഞുങ്ങളിലും സർവസാധാരണമായി കണ്ടുവരുന്നതാണ് മഞ്ഞനിറം അഥവാ മഞ്ഞപ്പിത്തം. ഇത് മറ്റു പ്രായക്കാരിൽ ഉണ്ടാകുന്ന മഞ്ഞപ്പിത്തത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

കുഞ്ഞുങ്ങളിലെ മഞ്ഞനിറം എന്നത് ശരീരത്തിലെ 'ബിലിറൂബിൻ' എന്നതിന്റെ അളവാണ്. നമ്മുടെ ശരീരത്തിലെ ചുവന്ന രക്താണുക്കൾ വിഘടിക്കുമ്പോഴാണ് ബിലിറൂബിൻ ഉണ്ടാകുന്നത്. ഈ ബിലിറൂബിൻ സാധാരണ കരൾവഴി കുടലിലേക്ക് എത്തി, മലത്തിലൂടെയും മൂത്രത്തിലൂടെയുമാണ് പുറന്തള്ളപ്പെടുന്നത്. ജനനശേഷമുള്ള അവസ്ഥയിൽ ചുവന്ന രക്താണുക്കളുടെ വിഘടനം കൂടുതലായി

നടക്കുന്നു. ഇങ്ങനെയുണ്ടാകുന്ന ബിലിറൂബിൻ പുറന്തള്ളാനുള്ള കരളിന്റെ പ്രവർത്തനം പൂർണമായി വികസിച്ചിട്ടില്ലാത്തതിൽ കുഞ്ഞുങ്ങളിൽ മഞ്ഞനിറം കൂടുതലായി കാണപ്പെടുകയും ചെയ്യുന്നു.

മാസം തികഞ്ഞ് ജനിച്ച, 60 ശതമാനത്തോളം കുഞ്ഞുങ്ങളിൽ മഞ്ഞപ്പിത്തം കാണാറുണ്ട്. ഇതിനെ പൊതുവെ സാധാരണ മഞ്ഞപ്പിത്തം അഥവാ physiological jaundice എന്നു പറയുന്നു. ഇത് സാധാരണയായി മൂന്നു മുതൽ അഞ്ചു ദിവസം കഴിയുമ്പോൾ കൂടുതലായി കാണപ്പെടുകയും പിന്നീട് താനേ കുറയുകയും ചെയ്യും. ഭൂരിഭാഗം കുഞ്ഞുങ്ങൾക്കും ചികിത്സയൊന്നും ആവശ്യമില്ലാതെ തന്നെ ഇത് മാറുകയും ചെയ്യും. എന്നാൽ ചില കുഞ്ഞുങ്ങളിൽ ഇത് അളവിൽ കൂടുതലാകുകയും ചികിത്സ അനിവാര്യമാവുകയും ചെയ്യുന്നു.

*ആർക്കൊക്കെയാണ് മഞ്ഞപ്പിത്തം കൂടുതലാകാൻ സാധ്യത?*

1. മാസം തികയാതെ പ്രസവിച്ച അല്ലെങ്കിൽ തൂക്കം കുറവുള്ള കുഞ്ഞുങ്ങളിൽ.

2. അമ്മയുടെയും കുഞ്ഞിന്റെയും രക്തഗ്രൂപ്പുകളിലെ വ്യത്യാസം: അമ്മയുടെ ഗ്രൂപ്പ് നെഗറ്റീവും കുഞ്ഞിന്റെ ഗ്രൂപ്പ് പോസിറ്റീവും ആകുന്ന അവസ്ഥകളിൽ, അല്ലെങ്കിൽ അമ്മയുടെ ഗ്രൂപ്പ് 'ഒ'യും കുഞ്ഞിന്റെത് 'എ' അല്ലെങ്കിൽ 'ബി'യും ആകുന്ന സാഹചര്യങ്ങളിലും മഞ്ഞപ്പിത്തം കൂടുതലാകാൻ സാധ്യതയുണ്ട്.

3. കുഞ്ഞുങ്ങളിലെ അണുബാധകൾ, തൈറോയിഡിലുള്ള പ്രശ്നങ്ങൾ, അമ്മയിലെ പ്രമേഹം, പ്രസവസമയത്ത് തലയിലുണ്ടാകുന്ന ചെറിയ രക്തസ്രാവങ്ങൾ, പ്രസവശേഷം കുഞ്ഞിന് ലഭിക്കുന്ന പാലിന്റെ അളവിലുള്ള കുറവ് എന്നിവയെല്ലാം മഞ്ഞപ്പിത്തം കൂടുതലാകാൻ കാരണമാകുന്നവയാണ്.

*മഞ്ഞപ്പിത്തം കൂടിയാൽ എന്താണു സംഭവിക്കുക?*

മഞ്ഞപ്പിത്തം പരിധിയിൽ കൂടുതൽ ആകുമ്പോൾ ശരീരത്തിന്റെ പല അവയവങ്ങളിലേക്കും-തലച്ചോർ ഉൾപ്പെടെ-ബിലിറൂബിൻ അടിയുന്നതിന് കാരണമാകുന്നു.

കുറച്ചു ദിവസത്തിനുശേഷം മഞ്ഞനിറം കുറയുമെങ്കിലും, തലച്ചോറിൽ ബിലിറൂബിൻ ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ആജീവനാന്തം നിലനിൽക്കാം. ഇവ പഠനവൈകല്യങ്ങൾ, കേൾവിക്കുറവ്, സെറിബ്രൽ പാൾസി പോലുള്ള അവസ്ഥകൾ എന്നിവയ്ക്ക് കാരണമാകും.

സമയോചിതമായ ചികിത്സ നൽകിയാൽ ഇവയെല്ലാം പ്രതിരോധിക്കാമെന്നതിനാൽ, മഞ്ഞപ്പിത്തത്തെക്കുറിച്ചുള്ള ശരിയായ തിരിച്ചറിവ് മാതാപിതാക്കൾക്ക് അനിവാര്യമാണ്.

**മഞ്ഞപ്പിത്തം എങ്ങനെ തിരിച്ചറിയാം?**

മാതാപിതാക്കൾക്ക് ഏറ്റവും എളുപ്പത്തിൽ ഇത് തിരിച്ചറിയാനുള്ള വഴി കുഞ്ഞിന്റെ തൊലിയുടെ നിറം നോക്കുക എന്നതാണ്. കുറഞ്ഞ അളവിലുള്ള മഞ്ഞനിറം കണ്ണുകളിലും മുഖത്തുമാണ് കാണുക. എന്നാൽ അളവ് കൂടുന്തോറും ഇത് ശരീരത്തിലേക്ക് വ്യാപിക്കുകയും കാലിലും കയ്യിലും മഞ്ഞനിറം കാണുകയും ചെയ്യാം. ഇങ്ങനെ മഞ്ഞനിറം ശരീരത്തിന്റെ കൂടുതൽ ഭാഗങ്ങളിലേക്ക് വ്യാപിക്കുന്ന തായി കാണുമ്പോൾ, ഇത് സാധാരണ അളവിലും കൂടുതലായിരിക്കാം എന്ന് മനസ്സിലാക്കി, എത്രയും പെട്ടെന്ന് ഒരു ശിശുരോഗവിദഗ്ധനെ കാണിക്കുക. കുഞ്ഞിന്റെ നിറം നോക്കി മാത്രം ബിലിറൂബിന്റെ അളവ് കൃത്യമായി

മനസ്സിലാക്കാൻ കഴിയില്ല എന്നത് ഓർക്കേണ്ടതാണ്.

*ആശുപത്രിയിൽ മഞ്ഞയുടെ അളവ് എങ്ങനെയാണ് പരിശോധിക്കുന്നത്?*

ആശുപത്രിയിൽ മഞ്ഞയുടെ അളവ് പരിശോധിക്കുന്നത് പ്രധാനമായും രണ്ടു മാർഗങ്ങളിലൂടെയാണ്:

1. തൊലിയിലൂടെ ബിലിറൂബിൻ അളക്കുന്ന ഉപകരണം Transcutaneous Bilirubinometer. ഇത് ഇൻഫ്രാറെഡ് തരംഗങ്ങൾ ഉപയോഗിച്ച് തൊലിപ്പുറത്തുള്ള മഞ്ഞയെ അളക്കുകയും അതിൽനിന്ന് ഏകദേശ അളവ് ലഭിക്കുകയും ചെയ്യുന്നു.

2. രക്തത്തിലെ ബിലിറൂബിന്റെ അളവ് പരിശോധിക്കുക. ഇത് ഏറ്റവും കൃത്യമായി അറിയാനുള്ള മാർഗമാണ്. രക്തത്തിലെ ബിലിറൂബിന്റെ അളവും, കുഞ്ഞിന്റെ ജനനസമയവും, ജനിച്ച് എത്ര മണിക്കൂർ അല്ലെങ്കിൽ ദിവസങ്ങൾ കഴിഞ്ഞു എന്നതും നോക്കിയാണ് ചികിത്സ വേണമോ എന്നു തീരുമാനിക്കുന്നത്.

**എന്തൊക്കെയാണു ചികിത്സാരീതികൾ?**

*1. ഫോട്ടോതെറാപ്പി:*
കുഞ്ഞിന്റെ ബിലിറൂബിൻ സാധാരണ അളവിനെക്കാൾ കൂടുതലാണെങ്കിൽ സാധാരണയായി നൽകുന്ന ചികിത്സയാണ് ഫോട്ടോതെറാപ്പി.

കുഞ്ഞിനെ ഒരു പ്രത്യേക തരംഗദൈർഘ്യമുള്ള പ്രകാശത്തിന്റെ താഴെ കിടത്തിയാണ് ഇത് ചെയ്യുന്നത്. ഇതിലൂടെ ബിലിറൂബിൻ ശരീരത്തിൽനിന്ന് എളുപ്പത്തിൽ പുറത്തുപോകാൻ കഴിയുന്ന രൂപത്തിലേക്ക് മാറുകയും അതുവഴി ബിലിറൂബിന്റെ അളവ് കുറയുകയും ചെയ്യുന്നു. കുറച്ചു മണിക്കൂറുകൾക്കു ശേഷം രക്തത്തിലെ ബിലിറൂബിന്റെ അളവ് പുനഃപരിശോധിക്കുകയും ചെയ്യുന്നതാണ് .

**നവജാത ശിശുക്കളിലെ മഞ്ഞപ്പിത്തം സാധാരണയായി കാണപ്പെടുന്ന ഒന്നാണെങ്കിലും, അതിനെ അവഗണിക്കരുത്. സമയത്ത് തിരിച്ചറിയുകയും ആവശ്യമായ പരിശോധനകളും ചികിത്സയും ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ ഗുരുതരമായ സങ്കീർണതകൾ ഒഴിവാക്കാൻ കഴിയും.**

*2. Exchange transfusion.*

വളരെയധികം ഉയർന്ന അളവിൽ ശരീരത്തിലെ ബിലിറൂബിൻ എത്തുന്ന ഗുരുതരമായ അവസ്ഥയിൽ രക്തമാറ്റ ചികിത്സ ആവശ്യമായി വന്നേക്കാം. ഇത് കൂടുതൽ സങ്കീർണതകളുള്ളതും പ്രത്യേക സൗകര്യങ്ങളുള്ള ആശുപത്രിയിൽ മാത്രം ചെയ്യേണ്ടതുമായ ചികിത്സാരീതിയാണ്. കുഞ്ഞിന്റെ രക്തം ചെറിയ അളവുകളായി പുറത്തെടുത്ത് അതിനുപകരം അനുയോജ്യമായ മറ്റൊരാളുടെ രക്തം കയറ്റുന്ന രീതിയാണിത്.

ഫോട്ടോതെറാപ്പി നൽകൽ നിർത്തിയ ശേഷം ചിലപ്പോൾ വീണ്ടും മഞ്ഞ കൂടുന്ന സാഹചര്യം കണ്ടുവരാറുണ്ട്. അതുകൊണ്ടുതന്നെ 12 മണിക്കൂറിനോ 24 മണിക്കൂറിനോ ശേഷം വീണ്ടും മഞ്ഞയുടെ അളവ് പരിശോധിക്കാൻ ഡോക്ടർ നിർദേശിക്കാറുണ്ട്.

**വെയിൽ കാണിച്ചാൽ മഞ്ഞ മാറുമോ?**

വെയിൽ കാണിച്ചാൽ മഞ്ഞനിറം മാറും എന്നൊരു ധാരണ പലർക്കുമുണ്ട്. എന്നാൽ മഞ്ഞപ്പിത്തമുള്ള കുഞ്ഞിനെ



വെയിലത്തു കിടത്തുന്നത് ചികിത്സയ്ക്കു പകരമാകില്ല. വെയിലിൽ ഫോട്ടോ തെറാപ്പിയിൽ ഉപയോഗിക്കുന്ന ചില തരംഗദൈർഘ്യങ്ങൾ ഉണ്ടെങ്കിലും, ബിലിറൂബിന്റെ അളവ് കുറയ്ക്ക ത്തക്ക രീതിയിൽ ആവശ്യമായ അളവിലും നിയന്ത്രിതമായ രീതിയിലും ആ പ്രകാശം കുഞ്ഞിന് ലഭിക്കണമെന്നില്ല. അതോടൊപ്പം ശരീരത്തിന് ഹാനികരമായ മറ്റു തരംഗദൈർഘ്യങ്ങളും സൂര്യപ്രകാശ ത്തിൽ ഉണ്ടാകാം. അതിനാൽ മഞ്ഞപ്പിത്തം കുറയ്ക്കുന്നതിനായി കുഞ്ഞിനെ വെയിലത്തു കിടത്തരുത്. കുഞ്ഞിനു വിറ്റാമിൻ ഡി ലഭിക്കുന്നതുപോലുള്ള ചില ഗുണങ്ങൾ വെയിലിലൂടെ ലഭിച്ചേക്കാം.

**വീടുകളിൽ എന്ത് ചെയ്യാം?**

മഞ്ഞപ്പിത്തം കൂടുതലാകുന്ന സാഹചര്യമുണ്ടാവുകയാണെങ്കിൽ, എത്രയും പെട്ടെന്ന് ഒരു ഡോക്ടറെ കാണിക്കുകയും ബിലിറൂബിന്റെ അളവ് പരിശോധിക്കുകയും ഡോക്ടറുടെ നിർദേശമനുസരിച്ച് ചികിത്സ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ചികിത്സിക്കേണ്ട അളവിൽ ബിലിറൂബിൻ എത്തിയിട്ടില്ലെങ്കിൽ, കുഞ്ഞിന് നന്നായി പാൽ കൊടുക്കുകയും കുഞ്ഞിനെ നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. നന്നായി പാൽ ലഭിക്കുന്നത് കുഞ്ഞിന്റെ ശരീരത്തിൽനിന്ന് ബിലിറൂബിൻ പുറത്തുപോകാൻ സഹായിക്കും. കുഞ്ഞ് ആവശ്യത്തിനു പാൽ കുടിക്കുന്നുണ്ടോ, മൂത്രം നന്നായി പോകുന്നുണ്ടോ, മഞ്ഞനിറം കൂടുന്നുണ്ടോ പോലുള്ള കാര്യങ്ങൾ ശ്രദ്ധിക്കണം.

താഴെ പറയുന്ന ഏതെങ്കിലും ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അടിയന്തരമായി ഡോക്ടറെ സമീപിക്കണം :

- ജനിച്ച് ആദ്യ 24 മണിക്കൂറിനുള്ളിൽതന്നെ മഞ്ഞനിറം കാണുന്നത്.
- മഞ്ഞനിറം വളരെ വേഗത്തിൽ കൂടുന്നത്.
- മഞ്ഞനിറം കൈകാലുകളിലേക്കും വ്യാപിക്കുന്നത്.
- കുഞ്ഞ് കൂടുതൽ ഉറങ്ങുകയും ഉണർത്തിയാൽ പോലും പാൽ കുടിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുന്നത്.
- കുഞ്ഞ് നന്നായി പാൽ കുടിക്കാത്തത്.
- അസാധാരണമായ കരച്ചിൽ.
- അപസ്മാര സാദൃശ്യമുള്ള ലക്ഷണങ്ങൾ.

നവജാത ശിശുക്കളിലെ മഞ്ഞപ്പിത്തം സാധാരണയായി കാണപ്പെടുന്ന ഒന്നാണെങ്കിലും, അതിനെ അവഗണിക്കരുത്. സമയത്ത് തിരിച്ചറിയുകയും ആവശ്യമായ പരിശോധനകളും ചികിത്സയും ലഭ്യമാ ക്കുകയും ചെയ്യുന്നതിലൂടെ ഗുരുതരമായ സങ്കീർണതകൾ ഒഴിവാക്കാൻ കഴിയും.

■

പിശാചിന്റെ ചതിക്കുഴികൾ 31



# ബാത്വിനിയാക്കളും ഉൾസാര വ്യാഖ്യാനങ്ങളും

ശമീർ മദീനി
: 9048 221 212

മതനിയമങ്ങളുടെയും പ്രമാണങ്ങളുടെയും ശരിയായ വിവക്ഷയും ലക്ഷ്യങ്ങളും വിശദീകരിച്ചു തരുവാനാണ് അല്ലാഹു പ്രവാചകന്മാരെ പറഞ്ഞയച്ചിട്ടുള്ളത്. അവർ പറഞ്ഞുതരാത്ത ഒരു ഉൾസാര വ്യാഖ്യാനവും ഒരു വിശ്വാസി സ്വീകരിക്കാൻ ബാധ്യസ്ഥനല്ല.

ഇസ്ലാമിനെ മറയാക്കി ശീഇസത്തിന്റെ ആശയങ്ങളിലേക്ക് ആളുകളെ നയിക്കുന്ന ഒരു വിഭാഗമാണ് ബാത്വിനിയാക്കൾ, അഥവാ ഉൾസാര വ്യാഖ്യാനത്തിന്റെ വക്താക്കൾ. അവരുടെ വിശ്വാസങ്ങളും കർമങ്ങളും ഇസ്ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്ന വിശ്വാസ-ആദർശങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. അവരു ടെ ആശയാദർശങ്ങളുടെ ആകെത്തുകയായി ഇബ്നുൽ ജൗസി (റഹി) പറയുന്നത് കാണുക:

"സ്രഷ്ടാവിനെ നിഷേധിക്കലും പ്രവാചകത്വത്തെയും പ്രവാചകൻ(സ്വ) പഠിപ്പിച്ച ആരാധനാകർമങ്ങളെയും നിരാകരിക്കലും പുനരുത്ഥാനത്തെ അഥവാ പരലോകത്തെ നിഷേധിക്കലുമാണ് ഇവരുടെ ആശയത്തിന്റെ ആകെത്തുക. എന്നാൽ ഇക്കാര്യം അവർ ആദ്യം പരസ്യമാക്കില്ല; മറിച്ച് അല്ലാഹു സത്യമാണ്, മുഹമ്മദ് നബി സത്യമാണ്, ഇസ്ലാം ശരിയാണ് എന്നൊക്കെയായിരിക്കും അവർ പറയുക. എന്നാൽ അതോടൊപ്പം ഇതിനൊക്കെ പ്രത്യക്ഷമല്ലാത്ത ഓരോ ആന്തരിക ആശയവും വിവക്ഷയുമുണ്ട് എന്നവർ പറഞ്ഞുകൊണ്ടിരിക്കും" (തൽബീസു ഇബ്ലീസ്, പേജ് 113).

**ആന്തരികമായ ഉൾസാര വ്യാഖ്യാനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാതെ ബാഹ്യമായ അർഥങ്ങളിൽ തൃപ്തരായി ജീവിക്കുന്നവർ മതത്തിന്റെ വിധിവിലക്കുകൾ എന്ന ചങ്ങലകളിൽ ബന്ധിതരായി രിക്കും. എന്നാൽ ഉൾസാര വ്യാഖ്യാനങ്ങളിലേക്ക് ഇറങ്ങിച്ചെന്നവർക്കാകട്ടെ, അത്തരം നിയമശാസനകൾ ഒന്നും ബാധകമായി രിക്കുകയില്ല. മതനിയമങ്ങളുടെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ച് ആ ഭാണ്ഡം ഇറക്കി വെച്ചവരായിരിക്കും അത്തരക്കാർ എന്നും ഇവർ ജൽപിക്കുന്നു!**

ഇവരെക്കൊണ്ട് ചില്ലറ കളികളല്ല പിശാചു കളിച്ചത്. പിശാച് അവരെ വിദൂരമായ വഴികേടിലേക്ക് കൊണ്ടുപോവുകയും അവരിലൂടെ ധാരാളം ആളുകളെ വഴിപിഴപ്പിക്കുകയും ചെയ്തു. ഇവർക്ക് വ്യത്യസ്തങ്ങളായ എട്ടോളം പേരുകളുണ്ട്. അതിലൊന്നാണ് 'ബാത്വിനിയ്യത്ത്' അഥവാ 'ഉൾസാര വ്യാഖ്യാനക്കാർ' എന്നത്.

ക്വുർആനിന്റെയും ഹദീസുകളുടെയുമൊക്കെ പ്രത്യക്ഷമായ അർഥങ്ങൾക്കപ്പുറത്ത് ഓരോന്നിനും ആന്തരികമായ വ്യാഖ്യാനങ്ങളുണ്ട് എന്ന് ഇവർ അവകാശപ്പെടുന്നതുകൊണ്ടാണ് 'ബാത്വിനയ്യത്ത്' അഥവാ 'ഉൾസാര വ്യാഖ്യാനക്കാർ' എന്ന പേരിൽ ഇവർ അറിയപ്പെടുന്നത്.

'തൊലിയും കാമ്പും പോലെ. ബാഹ്യമായ രൂപം കണ്ട് അതിനെ വിലയിരുത്തുന്നവൻ തൊലിപ്പുറം മാത്രം കണ്ടവനാണ്. അവർ വിവരമില്ലാത്തവരും ബുദ്ധി ഉപയോഗിക്കാത്തവരുമാണ്. എന്നാൽ അതിനപ്പുറത്തെ ഉൾസാര വ്യാഖ്യാനങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമാൻമാർക്ക് സാധിക്കും. ആ ബാഹ്യമായ പദങ്ങളും വാചകങ്ങളും ആന്തരികമായ ആശയങ്ങളിലേക്കുള്ള ചില സൂചനകൾ മാത്രമാണ്' എന്നാണ് ഇവർ പറയാറുള്ളത് .

പ്രസ്തുത ആന്തരികമായ ഉൾസാര വ്യാഖ്യാനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാതെ ബാഹ്യമായ അർഥങ്ങളിൽ തൃപ്തരായി ജീവിക്കുന്നവർ മതത്തിന്റെ വിധിവിലക്കുകൾ എന്ന ചങ്ങലകളിൽ ബന്ധിതരായിരിക്കും. എന്നാൽ ഉൾസാര വ്യാഖ്യാനങ്ങളിലേക്ക് ഇറങ്ങിച്ചെന്നവർക്കാകട്ടെ, അത്തരം നിയമശാസനകൾ ഒന്നും ബാധകമായിരിക്കുകയില്ല. മതനിയമങ്ങളുടെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ച് ആ ഭാണ്ഡം ഇറക്കി വെച്ചവരായിരിക്കും അത്തരക്കാർ എന്നും ഇവർ ജൽപിക്കുന്നു!

വിശുദ്ധ ക്വുർആനിൽ (7:157) 'അവരുടെ ഭാരം അവരിൽനിന്ന് ഇറക്കിവയ്ക്കുകയും അവരുടെ മേൽ ഉണ്ടായിരുന്ന ചങ്ങലക്കെട്ടുകൾ നീക്കുകയും ചെയ്യും' എന്നു പറഞ്ഞത് തങ്ങളെക്കുറിച്ചാണെന്നും ഇവർ വാദിക്കുന്നു.

ഇസ്‌ലാമിന്റെ ശരിയായ വിശ്വാസ-ആദർശങ്ങളിൽനിന്ന് ആളുകളെ പുറത്തുചാടിക്കാൻ പിശാച് തോന്നിപ്പിച്ചുകൊടുത്ത ഒരു ദുർന്യായം മാത്രമാണ് ഈ 'ഉൾസാരവ്യാഖ്യാനം' എന്നത്. പ്രവാചകൻ(സ്വ) അത്തരം ഒരു രീതി പഠിപ്പിച്ചുതന്നിട്ടില്ല.

നബി(സ്വ) ഈ ലോകത്തോടു വിടപറയുന്നതുവരെയും മതനിയമങ്ങളും ശാസനകളുമൊക്കെ പാലിച്ച്, ശരീഅത്തിന്റെ എല്ലാ കാര്യങ്ങളും ജീവിതത്തിൽ പ്രാവർത്തികമാക്കി, മാന്യമായി ആരാധനകൾ അനുഷ്ഠിച്ചുകൊണ്ട് ജീവിച്ചതായി നമുക്ക് കാണാൻ കഴിയും.

മരണപ്പെടുന്നതിന്റെ തൊട്ടുമുമ്പുവരെ അദ്ദേഹം മതത്തിന്റെ നിയമങ്ങൾ കണിശമായി ശ്രദ്ധിക്കുകയും പാലിക്കുകയും ചെയ്തിരുന്നു. ആ രീതിതന്നെയാണ് നബി(സ്വ)യിൽ നിന്ന് മതം പഠിച്ചു മനസ്സിലാക്കിയ അനുചരന്മാർ അടക്കമുള്ള സച്ചരിതരായ മുൻഗാമികൾ തുടർന്നുവന്നത്. ക്വുർആൻ പറയുന്നു:

"ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നതുവരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (15:99).

ഒരു പ്രവാചകനും സ്വന്തം ജനതയോട് കർമങ്ങളുടെയും നിയമശാസനകളുടെയും കാര്യങ്ങൾ പറഞ്ഞിട്ട് സ്വന്തം ജീവിതത്തിൽ അതൊന്നും ബാധകമല്ലാത്ത മറ്റൊരു ജീവിതം നയിക്കുന്ന രീതി സ്വീകരിച്ചിട്ടില്ല. സത്യത്തിൽ അതൊരുതരം കാപട്യമാണല്ലോ. ക്വുർആൻ പറയുന്നു:

قَالَ يَا قَوْمِ أَرَأَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّي وَرَزَقَنِي مِنْهُ رِزْقًا حَسَنًا ۚ وَمَا أُرِيدُ أَنْ أُخَالِفَكُمْ إِلَىٰ مَا أَنْهَاكُمْ عَنْهُ ۚ إِنْ أُرِيدُ إِلَّا الْإِصْلَاحَ مَا اسْتَطَعْتُ ۚ وَمَا تَوْفِيقِي إِلَّا بِاللَّهِ ۚ عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ

‘അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും, അവൻ എനിക്ക് അവന്റെ വകയായി ഉത്തമമായ ഉപജീവനം നൽകിയിരിക്കുകയുമാണെങ്കിൽ (എനിക്കെങ്ങനെ സത്യം മറച്ചു വെക്കാൻ കഴിയും?). നിങ്ങളെ ഞാൻ ഒരു കാര്യത്തിൽ നിന്ന് വിലക്കുകയും, എന്നിട്ട് നിങ്ങളിൽനിന്ന് വ്യത്യസ്തനായിക്കൊണ്ട് ഞാൻ തന്നെ അത് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുമില്ല. എനിക്ക് സാധ്യമായത്ര നന്മവരുത്താനല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹു മുഖേന മാത്രമാണ് എനിക്ക് (അതിന്) അനുഗ്രഹം ലഭിക്കുന്നത്. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു’ (11:88).

അത്തരം സ്വഭാവം പടച്ച റബ്ബിന്റെ പക്കൽനിന്നുള്ള വലിയ ക്രോധത്തിന് കാരണമാകുമെന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു” (61:2,3).

മതനിയമങ്ങളുടെയും പ്രമാണങ്ങളുടെയും ശരിയായ വിവക്ഷയും ലക്ഷ്യങ്ങളും വിശദീകരിച്ചു തരുവാനാണ് അല്ലാഹു പ്രവാചകന്മാരെ പറഞ്ഞയച്ചിട്ടുള്ളത്. അവർ പറഞ്ഞുതരാത്ത ഒരു ഉൾസാര വ്യാഖ്യാനവും ഒരു വിശ്വാസി സ്വീകരിക്കാൻ ബാധ്യസ്ഥനല്ല. ■



ശീഇസം-ഇസ്‌ലാം: ഒരു ദാർശനിക വിശകലനം 09

# ശിയാക്കളുടെ വ്യാജ ഹദീസുകൾ

ഡോ. ടി. കെ. യൂസുഫ്
: 9349798262

സ്വഹാബികളെ അധിക്ഷേപിക്കുന്ന പരാമർശങ്ങൾ ശീഇകൾ ചില ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിക്കാറുണ്ട്. ഗ്രന്ഥകർത്താക്കളുടെ പേരുകൾ സുന്നി പണ്ഡിതന്മാരായിരിക്കുമെങ്കിലും ആ പേരിലുള്ള ഒരു ഗ്രന്ഥം ചിലപ്പോൾ ഭൂമുഖത്ത് ഉണ്ടായിക്കൊള്ളണമെന്നില്ല. ഇനി ആ പേരിൽ ഒരു ഗ്രന്ഥം ഉണ്ടെങ്കിൽതന്നെ അതിൽ അവർ പറയുന്ന വാചകങ്ങൾ ഉണ്ടാകുകയുമില്ല.

ശീഇകൾ ഉദ്ധരിക്കുന്ന ഹദീസുകളിൽ മിക്കതും അവരുടെ വാദങ്ങളെ ബലപ്പെടുത്തുന്നതും സുന്നികളുടെ അഭിപ്രായങ്ങൾക്ക് എതിരുമായിരിക്കും. വ്യാജമായ ഒരു സുന്നീപരമ്പരയുണ്ടാക്കിയാണ് അവർ ഇത്തരം ഹദീസുകൾ ഉദ്ധരിക്കാറുള്ളത്. ഇത് ഒരു വലിയ തെളിവായി എടുത്ത് ഇവർ സുന്നികളെ ആക്ഷേപിക്കാറുമുണ്ട്. പ്രസിദ്ധ പണ്ഡിതനും ചരിത്രകാരനുമായ ഇബ്നു ഖൽദൂൻ ഇക്കാര്യത്തെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: “അവർ അവരുടെ വാദങ്ങൾക്ക് അനുഗുണമായി ചില പ്രമാണങ്ങൾ ഉദ്ധരിക്കാറുണ്ട്, എന്നാൽ അവ സുന്നി പണ്ഡിതന്മാർക്ക് അറിയാത്തതും അവർ തന്നെ കെട്ടിച്ചമച്ചതുമാണ്. ശിയാക്കളിലെ വിഭാഗങ്ങൾക്കു പോലും മുഴുവൻ അറിയാത്ത അത്രയും ഹദീസുകൾ അവർ വ്യാജമായി നിർമിച്ചിട്ടുണ്ട്. അവരിൽ ചിലർ ഭക്തിയുടെ മേലങ്കിയണിഞ്ഞ് അഹ്‌ലുസ്സുന്നയുടെ ഹദീസ് പണ്ഡിതന്മാരുടെ ശിഷ്യത്വം സ്വീകരിക്കുകയും അവരിൽനിന്ന് ധാരാളം സ്വഹീഹായ ഹദീസുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്യും. അതോടൊപ്പം അവർ തങ്ങളുടെ ആശയത്തിനു യോജിച്ച ഹദീസുകൾ കെട്ടിച്ചമയ്ക്കുകയും ചെയ്യും. ഈ പ്രവണത കാരണം സുന്നികളിലെ സാധാരണക്കാർ മാത്രമല്ല അവരിലെ പണ്ഡിതർ




പോലും പിഴച്ചു പോയിട്ടുണ്ട്. എങ്കിലും ഈ സൂത്രപ്പണിയെക്കുറിച്ച് ഹദീസ് പണ്ഡിതന്മാർ ബോധവാന്മാരാകുകയും അവർ അതിന് തടയിടുകയും ചെയ്തിട്ടുണ്ട്. കള്ളി വെളിച്ചത്തായപ്പോൾ അവരിൽ പലരും ഇത് അംഗീകരിക്കുക പോലും ചെയ്തിട്ടുണ്ട്. കൂഫക്കാരനും ശീഈ പണ്ഡിതനുമായിരുന്ന ജാബിർ ബിൻ യസീദ് ഹാരിസ് അൽജഅ്ഫി ഇത്തരത്തിൽ അനേകം വ്യാജഹദീസുകൾ നിർമിച്ചിരുന്ന ഒരു വ്യക്തിയാണ്. ഹിജ്റ 167ൽ മരിച്ച ഇദ്ദേഹം അബ്ദുല്ലാഹ് ബിൻ സബഇന്റെ അനുയായിയും അലി(റ) മരണശേഷം വീണ്ടും ഇഹലോകത്തേക്കു തിരിച്ചുവരും എന്ന് വിശ്വസിക്കുകുയും ചെയ്തിരുന്ന വ്യക്തയായിരുന്നു.”

അഹ്‌ലുസ്സുന്നയിൽപെട്ട ഹദീസ് പണ്ഡിതന്മാരുടെ അതേ പേരുള്ള ആളുകളിലേക്ക് ചേർത്തും ശിയാക്കൾ ഹദീസ് നിർമിക്കാറുണ്ട്. ഉദാഹരണമായി, ഇബ്നു കുതൈബ എന്ന പേരിൽ രണ്ടാളുകളുണ്ട്. ഒരാൾ സുന്നിയും മറ്റെയാൾ ശീഇയുമാണ്. ഇവരിൽ സുന്നിയായ ഇബ്നു കുതൈബ ‘അൽമആരിഫ്’ എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചു. ജനങ്ങളെ പിഴപ്പിക്കാൻ വേണ്ടി ശീഈ ഇബ്നു കുതൈബയും അതേ പേരിൽ ഗ്രന്ഥരചന നടത്തി. അതുപോലെ മുഹമ്മദ് ബിൻ ജരീർ ത്വബ്‌രി, ഇബ്നു ബത്ത എന്നീ പേരുകളിലും രണ്ടു വിഭാഗത്തിലും പണ്ഡിതരുണ്ട്. ഒരു ഗ്രന്ഥകാരന്റെ പേരും പിതാവിന്റെ പേരും സ്ഥാനപ്പേരുമെല്ലാം മറ്റൊരാളെ പോലെ ആകുക എന്നത് യാദൃച്ഛികമാകാം; എന്നാൽ ഈ ഇരട്ട നാമങ്ങൾ സത്യാന്വേഷകരെ വല്ലാതെ ആശയക്കുഴപ്പത്തിലാക്കുന്നുണ്ട്. അഹ്സ്സുന്നയിൽപെട്ട ഒരു പണ്ഡിതൻ ഒരു ഗ്രന്ഥം രചിച്ചാൽ അതേ പേരിലുള്ള ശീഈ പണ്ഡിതനും അതേ പേരിൽ ഒരു ഗ്രന്ഥം രചിക്കും; ഉള്ളടക്കത്തിന്റെ കാര്യത്തിൽ ഇവ തമ്മിൽ അജഗജാന്തരമുണ്ടാകയും ചെയ്യും.

അഹ്‌ലുസ്സുന്നയിലെ ഹദീസ് പണ്ഡിതന്മാർ ഹദീസിന്റെ സനദ് പരിശോധിക്കുന്നതോടൊപ്പം അതിലെ ആശയം അടിസ്ഥാന പ്രമാണങ്ങൾക്കു യോജിക്കുന്നുണ്ടോ എന്നുകൂടി പരിശോധിക്കാറുണ്ട്. നബി (സ്വ)യുടെ ഹദീസുകളുടെ ഭാഷാശൈലിയും ഒഴുക്കും അറിയുന്നവർക്ക് കള്ളഹദീസുകൾ ഒറ്റ നോട്ടത്തിൽതന്നെ തിരിച്ചറിയാനാകും. അതുകൊണ്ടുതന്നെ ഒരു വ്യാജഹദീസ് യഥാർഥ ഹദീസിന്റെ പരമ്പരയിൽ കെട്ടിവെച്ചാലും കണ്ടെത്താനാകും. ഇബ്നുൽ ഖയ്യിം അൽജൗസിയോട് വ്യാജ ഹദീസുകൾ പരമ്പര നോക്കാതെ തിരിച്ചറിയാനാകുമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: “നബി(സ്വ)യുടെ ജീവിതവും സന്ദേശവും കൽപനകളും വിരോധങ്ങളും മനസ്സിലാക്കുകയും സ്വഹീഹായ ഹദീസുകൾ നന്നായി ഗ്രഹിക്കുകയും അവ അവന്റെ രക്തത്തിലും മജ്ജയിലും മാംസത്തിലും അലിഞ്ഞു ചേരുകയും ചെയ്താൽ അവനു നബിവചനങ്ങൾ വേർതിരിച്ചറിയാനുള്ള ഒരു പ്രത്യേക സിദ്ധിയുണ്ടാകും.”

സ്വഹാബികളെ അധിക്ഷേപിക്കുന്ന പരാമർശങ്ങളുള്ള ഗ്രന്ഥങ്ങൾ രചിച്ച് സുന്നീ പണ്ഡിതന്മാരുടെ പേരിൽ ചേർക്കുന്നതും മറ്റൊരു ശീഈ തന്ത്രമാണ്. ഒട്ടേറെ അപകടകരമായ ആശയങ്ങൾ ഉൾകൊള്ളുന്ന ‘സിർ

റുൽ ആലിമീൻ' എന്ന ഒരു ഗ്രന്ഥം അബൂഹാമിദുൽ ഗസ്സാലിയുടെ പേരിൽ ചാർത്തിയത് ഇതിന് ഉദാഹരണമാണ്. ശീഇകൾ ഈ ഗ്രന്ഥമാണ് സുന്നികൾക്കെതിരെയുള്ള തെളിവിന് അവലംബിക്കാറുള്ളത്. ബോംബെയിലും കൈറോവിലും ടെഹ്റാനിലും അച്ചടിച്ചിട്ടുള്ള പ്രസ്തുത ഗ്രന്ഥം ഗസ്സാലിയുടെതല്ലെന്നുള്ളതിനുള്ള തെളിവുകൾ അതിനകത്തുതന്നെ കാണാനാവും. 'മഅരി, ഞാൻ യുവാവായിരിക്കെ എന്നോട് പറഞ്ഞു' എന്ന ഒരു പരാമർശം അതിലുണ്ട്. 448ൽ മരിച്ച മഅരി 450ൽ ജനിച്ച ഗസ്സാലിയോട് സംസാരിച്ചു എന്നു പറഞ്ഞാൽ അത് വിശ്വസിക്കാൻ പ്രയാസമുണ്ട്. ഇതുപോലെ ഒട്ടനവധി ഗ്രന്ഥങ്ങൾ സുന്നി പണ്ഡിതന്മാരുടെ മേൽ വെച്ചുകെട്ടിയിട്ടുണ്ട്. എന്നാൽ ശീഇകളുടെ തന്ത്രങ്ങളും സുന്നികളുടെ ആശയങ്ങളും അറിയുന്നവർക്ക് അവ വേർതിരിച്ചെടുക്കാൻ കഴിയും.

സ്വഹാബികളെ അധിക്ഷേപിക്കുന്ന പരാമർശങ്ങൾ ഇവർ ചില ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിക്കാറുണ്ട്. ഗ്രന്ഥകർത്താക്കളുടെ പേരുകൾ സുന്നി പണ്ഡിതന്മാരായിരിക്കുമെങ്കിലും ആ പേരിലുള്ള ഒരു ഗ്രന്ഥം ചിലപ്പോൾ ഭൂമുഖത്ത് ഉണ്ടായിക്കൊള്ളണമെന്നില്ല. ഇനി ആ പേരിൽ ഒരു ഗ്രന്ഥം ഉണ്ടെങ്കിൽതന്നെ അതിൽ അവർ പറയുന്ന വാചകങ്ങൾ ഉണ്ടാകുകയുമില്ല.

ശീഇകൾ കെട്ടിച്ചമച്ച ഹദീസുകൾ പരിശോധിക്കുകയാണെങ്കിൽ പ്രഥമദൃഷ്ട്യാ തന്നെ അത് വ്യാജമാണെന്ന് ബോധ്യപ്പെടും. അതിലൊന്ന്: 'ഇതാണ് പന്ത്രണ്ട് ഇമാമുകൾ, അവർ വിശ്വാസത്തിന്റെ തൂണുകളാണ്. അവരുടെ ശിപാർശ കൂടാതെ അല്ലാഹു തന്റെ അടിമകളുടെ പ്രവർത്തനങ്ങൾ സ്വീകരിക്കുകയില്ല.' മറ്റൊരു ഹദീസ് ഇപ്രകാരമാണ്: "നബി, അലി, ഫാത്വിമ, ഹസൻ, ഹുസൈൻ എന്നീ അഞ്ച് പേരില്ലായിരുന്നുവെങ്കിൽ അല്ലാഹു ആദം, അർശ്, കുർശ്, ആകാശഭൂമികൾ, മലക്കുകൾ, ജിന്ന്, ഇൻസ് എന്നിവരെയൊന്നും സൃഷ്ടിക്കുകയില്ല. നബിയെയും അലിയെയും ഒരു ഒളിയിൽ നിന്നാണ് സൃഷ്ടിച്ചത്. അലിയുടെ മുഖത്തെ പ്രകാശം കൊണ്ടാണ് മലക്കുകളെ സൃഷ്ടിച്ചത്."

വളരെ പ്രചാരത്തിലുള്ള ഹദീസുകളിൽ അനുബന്ധമായി അൽപം ചില കാര്യങ്ങൾ കൂടി വർധിപ്പിച്ചുകൊണ്ടും ശീഇകൾ അവരുടെ താൽപര്യം സംരക്ഷിക്കാറുണ്ട്. തബൂക്ക് യുദ്ധവേളയിൽ അലി(റ)യെ മദീനയിൽ ഖലീഫ(പ്രതിനിധി)യാക്കിയ സംഭവത്തിൽ 'നീ മദീനയിൽ എന്റെ ഖലീഫ ആയതിനു ശേഷമല്ലാതെ എനിക്ക് പോകാൻ സാധിക്കുകയില്ല' എന്ന ഒരു വാലുകൂടി ചേർത്തിട്ടുണ്ട്. ഈ അനുബന്ധം ചരിത്രത്തെക്കുറിച്ച് തികഞ്ഞ അജ്ഞതയുള്ളവർ ഉണ്ടാക്കിയതാണ് എന്നതിൽ സംശയമില്ല. മദീനയിൽ അലി(റ)യെ ഖലീഫയാക്കാതെ എത്രയോ തവണ പ്രവാചകൻ(സ്വ) പുറത്തു പോയിട്ടുണ്ട്. ഹുദൈബിയ ഉംറ നിർവഹിച്ചപ്പോഴും ഖൈബർ യുദ്ധത്തിലും ബദ്ർ യുദ്ധത്തിലും ഹജ്ജത്തുൽ വദാഇലും അലി(റ) നബി(സ്വ)യുടെ കൂടെത്തന്നെയുണ്ടായിരുന്നു; അപ്പോഴെല്ലാം മറ്റുള്ളവരായിരുന്നു മദീനയിൽ പ്രതിനിധിയായിരുന്നത്.

ചില മുഅ്തസിലി പണ്ഡിതന്മാരെക്കുറിച്ച് അവർ തീവ്ര സുന്നീ പക്ഷക്കാരാണെന്ന് പ്രചരിപ്പിക്കുകയും അവരിൽ നിന്ന് അഹ്‌ലുസ്സുന്നയെ എതിർക്കുകയും ശീഇകളിലെ പന്ത്രണ്ട് ഇമാമുകളെ പിന്തുണക്കുകയും ചെയ്യുന്ന ചില കാര്യങ്ങൾ ഉദ്ധരിക്കുകയും ചെയ്യുക എന്നത് ഇവരുടെ മറ്റൊരു തന്ത്രമാണ്. അതു പോലെ പല സ്വഹീഹായ ഹദീസുകളെയും ഈ പന്ത്രണ്ട് ഇമാമുകൾക്ക് അനുകൂലമായി ഇവർ വ്യാഖ്യാനിക്കാറുണ്ട്. മുസ്‌ലിം റിപ്പോർട്ട് ചെയ്ത 'ഭരണം ക്വുറൈശികൾക്കാണ്, അവരിൽനിന്ന് പന്ത്രണ്ടു ഖലീഫമാർ ഉണ്ടാകുന്നതുവരെ അത് അവസാനിക്കുകയില്ല' എന്ന ഹദീസിലെ പന്ത്രണ്ട് ഖലീഫമരെക്കൊണ്ട് ഉദ്ദേശ്യം പന്ത്രണ്ട് ഇമാമുമാരാണ് എന്നാണ് ശിയാക്കളുടെ വ്യാഖ്യാനം.

സുന്നികളിൽ ആശയക്കുഴപ്പമുണ്ടാക്കാൻ വേണ്ടി ശീഇകൾ വേറെയും തന്ത്രങ്ങൾ നടത്താറുണ്ട്. അവയിലൊന്ന് ഇപ്രകാരമാണ്: നാലു ഖലീഫമാരെക്കുറിച്ചും സുന്നീ പണ്ഡിതന്മാരുടെ പേരിൽ ഗ്രന്ഥം രചിക്കുകയും അതിൽ അവരുടെ അപദാനങ്ങൾ വാഴ്ത്തുകയും ചെയ്യും. ആദ്യത്തെ മൂന്ന് ഖലീഫമാരുടെയും ചരിത്രം വായിക്കുമ്പോൾ ഇത് എഴുതിയത് ഒരു സുന്നിയാണ് എന്നുതന്നെ തോന്നും. എന്നാൽ അലി(റ)യുടെ ശ്രേഷ്ഠത വിവരിക്കുമ്പോഴായിരിക്കും മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്ന പ്രസ്താവനകൾ കാണുക. ഇത് വായിക്കുന്ന ഒരു സാധാരണക്കാരൻ വിചാരിക്കും 'സുന്നികൾ എഴുതിയ ഗ്രന്ഥങ്ങളിൽ പോലും ആദ്യത്തെ മൂന്ന് ഖലീഫമാരെക്കുറിച്ച് മോശമായ പ്രസ്താവനകളുണ്ട്, എന്നിട്ടല്ലേ ശിയക്കളുടെ ഗ്രന്ഥങ്ങൾ' എന്ന്. ഇങ്ങനെ പലവിധ കുതന്ത്രങ്ങളിലൂടെയും അവർ സുന്നികളെ കബളിപ്പിച്ചു കൊണ്ടിരിക്കും.

*(തുടരും)*

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قَالُوا إِنَّمَا أَنتَ مِنَ الْمُسَحَّرِينَ ﴿١٨٥﴾

وَمَا أَنتَ إِلَّا بَشَرٌ مِّثْلُنَا وَإِن نَّظُنُّكَ لَمِنَ الْكَاذِبِينَ ﴿١٨٦﴾

فَأَسْقِطْ عَلَيْنَا كِسَفًا مِّنَ السَّمَاءِ إِن كُنتَ مِنَ الصَّادِقِينَ ﴿١٨٧﴾

185. അവർ പറഞ്ഞു: നീ മാരണം ബാധിച്ചവരിൽ ഒരാൾ മാത്രമാകുന്നു.

186. നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. തീർച്ചയായും നീ വ്യാജവാദികളിൽ പെട്ടവനാണെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്.

187. അതുകൊണ്ടു നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ ആകാശത്തുനിന്നുള്ള കഷ്ണങ്ങൾ ഞങ്ങളുടെ മേൽ നീ വീഴ്ത്തുക.

*185-187) എന്നാൽ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സന്ദേശത്തെയും നിരസിച്ചുകൊണ്ട് അവർ അദ്ദേഹത്തോടു പറഞ്ഞു: (നീ മാരണം ബാധിച്ചവരിൽ ഒരാൾ മാത്രമാകുന്നു) മന്ത്രവാദിയെ പോലെ നിങ്ങൾ അസംബന്ധം പറയുന്നു. താൻ അതുമൂലം ശിക്ഷിക്കപ്പെടരുത് എന്നതാണ് അവന്റെ ലക്ഷ്യം. (നീ ഞങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു) താങ്കളെ പിന്തുടരണമെന്നു ഞങ്ങളോടു പറയാൻ നിനക്ക് ഞങ്ങളെക്കാൾ പ്രത്യേകമായി ഒന്നുമില്ല. ഈ ആരോപണങ്ങളെല്ലാം മുമ്പു കഴിഞ്ഞുപോയവരും പിന്നീടു വന്നവരും പറഞ്ഞതുതന്നെയാണ്. പ്രവാചകന്മാരെ എതിർത്തവർ പറഞ്ഞ സമാന വാദങ്ങൾ. അവിശ്വാസത്തിൽ യോജിപ്പുള്ളതിനാലും അവർക്കു സമാന മനസ്സുള്ളതിനാലും അവർ അതിൽ യോജിച്ചു. അവർക്കു മറുപടിയായി ദൂതന്മാർ പറഞ്ഞത്:*

قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ وَلَٰكِنَّ اللَّهَ يَمُنُّ عَلَىٰ مَن يَشَاءُ مِنْ عِبَادِهِ

*"ഞങ്ങൾ നിങ്ങളെ പോലെയുള്ള മനുഷ്യന്മാർ തന്നെയാണ്. എങ്കിലും അല്ലാഹു തന്റെ ദാസന്മാരിൽനിന്നും താൻ ഉദ്ദേശിക്കുന്നവർക്ക് അനുഗ്രഹമേകുന്നു" (14:11).*

*(തീർച്ചയായും നീ വ്യാജവാദികളിൽ പെട്ടവനാണെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്) ഇത് അവരുടെ ധൈര്യവും അനീതിയും സൂചിപ്പിക്കുന്നതും ശരിയല്ലെങ്കിലും അവർക്കു ബോധ്യമുള്ളതുമായ ഒരു പ്രസ്താവനയാണ്. ഓരോ ജനതയുടെ അടുക്കലും ചെന്ന് അവരെ ക്ഷണിക്കുകയും അവരോട് സംവാദം നടത്തുകയും ചെയ്ത മുഴുവൻ പ്രവാചകന്മാർക്കും അവരുടെ സത്യതയും വിശ്വസ്തതയും സ്ഥാപിക്കുന്ന തെളിവുകൾ അവരുടെ കൈകളിലൂടെത്തന്നെ അല്ലാഹു കാണിച്ചിട്ടുണ്ട്; പ്രത്യേകിച്ച് ശുഐബ് നബി(അ)ക്ക്. തന്റെ ജനങ്ങളുമായി വാചാലമായി സംവാദം നടത്തുകയും വാദിക്കുകയും ചെയ്തതിനാൽ 'പ്രവാചകന്മാരിലെ വാഗ്മി' എന്ന് അദ്ദേഹം വിളിക്കപ്പെടുന്നു. അദ്ദേഹം ആത്മാർഥതയുള്ളവനാണെന്നും അദ്ദേഹം നൽകുന്ന സന്ദേശം*

*സത്യസന്ധമാണെന്നും അദ്ദേഹത്തിന്റെ ജനതയ്ക്ക് ഉറപ്പുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം ഒരു നുണയനാണെന്നു കരുതി അവർ പറഞ്ഞതു നുണയായിരുന്നു. (അതിനാൽ ആകാശത്തുനിന്നുള്ള കഷ്ണങ്ങൾ ഞങ്ങളുടെ മേൽ നീ വീഴ്ത്തുക) ഞങ്ങളെ ഉന്മൂലനം ചെയ്യാനുള്ള ശിക്ഷയുടെ കഷ്ണങ്ങൾ. (നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ) ഇത് അവരുടെ സഹോദരന്മാരായ അവിശ്വാസികൾ പറഞ്ഞതുതന്നെയാണ്.*

وَإِذْ قَالُوا اللَّهُمَّ إِن كَانَ هَٰذَا هُوَ الْحَقَّ مِنْ عِندِكَ

فَأَمْطِرْ عَلَيْنَا حِجَارَةً مِّنَ السَّمَاءِ أَوِ ائْتِنَا بِعَذَابٍ أَلِيمٍ

*"അല്ലാഹുവേ, ഇതു നിന്റെ പക്കൽനിന്നുള്ള സത്യമാണെങ്കിൽ നീ ഞങ്ങളുടെ മേൽ ആകാശത്തുനിന്ന് കല്ല് വർഷിപ്പിക്കുകയോ അല്ലെങ്കിൽ ഞങ്ങൾക്ക് വേദനാജനകമായ ശിക്ഷ കൊണ്ടുവരികയോ ചെയ്യുക എന്ന് അവർ (അവിശ്വാസികൾ) പറഞ്ഞ സന്ദർഭവും (ഓർക്കുക)" (8:32).*

*ആവശ്യപ്പെട്ടവനെ തൃപ്തിപ്പെടുത്താനാവാത്ത ചില ദൃഷ്ടാന്തങ്ങളാണ് അവർ ആവശ്യപ്പെട്ടത്.*

---

قَالَ رَبِّي أَعْلَمُ بِمَا تَعْمَلُونَ ١٨٨

188. അദ്ദേഹം പറഞ്ഞു: നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി എന്റെ രക്ഷിതാവു നല്ലവണ്ണം അറിയുന്നവനാകുന്നു.

*188) (പറഞ്ഞു): ശുഐബ് നബി(അ) പറഞ്ഞു. (നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി എന്റെ രക്ഷിതാവു നന്നായി അറിയുന്നവനാകുന്നു) ശിക്ഷ ഇറക്കുന്നതോ നിങ്ങൾ ആവശ്യപ്പെടുന്ന ദൃഷ്ടാന്തങ്ങൾ ഉണ്ടാക്കി സംഭവിപ്പിക്കുന്നതോ ഒന്നും ഞാൻ ചെയ്യുന്നതല്ല. ഞാൻ ചെയ്യുന്നതു നിങ്ങൾക്ക് സന്ദേശം എത്തിക്കുകയും ഉപദേശിക്കുകയും ചെയ്യുക മാത്രമാണ്. അതെല്ലാം കൊണ്ടുവരുന്നത് എന്റെ രക്ഷിതാവാണ്. അവൻ നിങ്ങൾ ചെയ്യുന്നതും നിങ്ങളുടെ സാഹചര്യവും അറിയുന്നു. അവൻ നിങ്ങൾക്കു പ്രതിഫലം നൽകുകയും വിചാരണ ചെയ്യുകയും ചെയ്യുന്നു.*

---

فَكَذَّبُوهُ فَأَخَذَهُمْ عَذَابُ يَوْمِ الظُّلَّةِ ۚ
إِنَّهُ كَانَ عَذَابَ يَوْمٍ عَظِيمٍ ١٨٩
إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم
مُّؤْمِنِينَ ١٩٠
وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ١٩١

189. അങ്ങനെ അവർ അദ്ദേഹത്തെ നിഷേധിച്ചുതള്ളി. അതിനാൽ മേഘത്തണൽ മൂടിയ ദിവസത്തെ ശിക്ഷ അവരെ പിടികൂടി. തീർച്ചയായും അത് ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ തന്നെയായിരുന്നു.

190. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.

191. തീർച്ചയായും നിന്റെ രക്ഷിതാവുതന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

*189-191) (അങ്ങനെ അവർ അദ്ദേഹത്തെ നിഷേധിച്ചുതള്ളി) നിഷേധവും അവിശ്വാസവും അവരുടെ സ്വഭാവമായി മാറി. ദൃഷ്ടാന്തങ്ങൾ അവർക്കു പ്രയോജനപ്പെടാതെയായി. ശിക്ഷയല്ലാതെ അവരിൽ ഇനി മറ്റൊരു വഴിയില്ല. (അതിനാൽ മേഘത്തണൽ മൂടിയ ദിവസത്തെ ശിക്ഷ അവരെ പിടികൂടി) അവർക്കൊരു മേഘം തണലിട്ടു. അതിനടിയിൽ അവർ ഒത്തുകൂടി. തണലല്ലാത്ത തണൽ അവർ ആസ്വദിച്ചു. അപ്പോൾ ശിക്ഷ വന്നു. അവരെ കത്തിച്ചു. അവർ അതിനടിയിൽ നിർജീവരായി. അവരുടെ വാസസ്ഥലങ്ങൾ ഉപേക്ഷിച്ച് ദുരിതത്തിന്റെയും ശിക്ഷയുടെയും വാസസ്ഥലങ്ങളിൽ അവർ സ്ഥിരതാമസമാക്കി. (തീർച്ചയായും അത് ഭയങ്കരമായഒരു ദിവസത്തെ ശിക്ഷ തന്നെയായിരുന്നു) അവർക്ക് ഈ ലോകത്തേക്കു മടങ്ങാനും പുതുതായി ഒരു ജീവിതം ആരംഭിക്കാനുമാവില്ല. അൽപസമയത്തേക്കു പോലും ലഘൂകരിക്കപ്പെടുകയുമില്ല. അവർക്കു*

*വിശ്രമവുമില്ല. (അതിൽ ഒരു ദൃഷ്ടാന്തമുണ്ട്) ശുഐബ് നബി (അ) ക്ഷണിക്കുന്ന സന്ദേശത്തിന്റെ സത്യസന്ധതക്കും അദ്ദേഹത്തിന്റെ ആളുകൾ അദ്ദേഹത്തെ നിരസിച്ചു പറഞ്ഞ വാദങ്ങളുടെ നിരർഥകതയിലേക്കും വിരൽ ചൂണ്ടുന്ന അടയാളമുണ്ട്. (എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവർ ആയില്ല) ദൃഷ്ടാന്തങ്ങൾ കണ്ടിട്ടും; കാരണം അവരിൽ നന്മയില്ല.*

وَمَا أَكْثَرُ النَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ

*"എന്നാൽ നീ അതിയായി ആഗ്രഹിച്ചാലും മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നവരല്ല" (12:103).*

*(തീർച്ചയായും നിന്റെ രക്ഷിതാവു തന്നെയാകുന്നു പ്രതാപിയും കരുണ ചൊരിയുന്നവനും) എല്ലാ സൃഷ്ടികളെയും കീഴ്പ്പെടുത്തുന്ന സർവശക്തനാണ് അവൻ. (കരുണാനിധിയും) കരുണ അവന്റെ വിശേഷണമാണ്. ഈ ലോകത്തും പരലോകത്തുമുള്ള എല്ലാ നന്മകളും. അല്ലാഹു പ്രപഞ്ചത്തെ സൃഷ്ടിച്ച നിമിഷം മുതൽ അതിന്റെ അവസാനം വരെയുള്ള എല്ലാ അനുഗ്രഹങ്ങളും അവന്റെ കാരുണ്യത്തിന്റെ ഫലമാണ്. തന്റെ ദൂതന്മാരെ നിഷേധിച്ച ശത്രുക്കളെ അവൻ തന്റെ ശക്തിയാൽ നശിപ്പിച്ചതും അവന്റെ ആത്മമിത്രങ്ങളെയും അവരെ പിന്തുടർന്നവരെയും സംരക്ഷിച്ചതും കാരുണ്യത്തിന്റെ ഭാഗം തന്നെ.* ■





# ശാന്തിമാർഗം

ഷുക്കൂർ കടലുണ്ടി

കാറ്റിലും കോളിലും ആടിയുലയുന്ന
ജീവിതമാം നൗകയിലെ
അൽപനേര യാത്രക്കാർ നമ്മൾ.
കയറുന്നു ചിലർ, ഇറങ്ങുന്നു ചിലർ
ദീർഘയാത്ര കൊതിക്കുന്നെല്ലാവരും!
കപ്പൽ നിയന്ത്രിക്കുന്നവൻ തീരുമാനിക്കും
ആരൊക്കെ എപ്പോൾ ഇറങ്ങണമെന്ന്.
അതോടെ മറ്റൊരു യാത്ര തുടങ്ങയായ്
ആരും കൊതിക്കാത്ത ദീർഘമാം യാത്ര;
എല്ലാരും ഒന്നിച്ചിറങ്ങുന്ന യാത്ര!
സൽകർമ ഭാണ്ഡം കനംതൂങ്ങിയോർക്കന്ന്
കിട്ടും സംതൃപ്തമാം സ്വർഗീയ ജീവിതം.
അതിനൊട്ടും കനമില്ലാതെത്തിയോർക്കാകട്ടെ
ചൂടേറും നരകാഗ്നിയഭയമാം നിശ്ചയം!

■



# പ്രശ്ന പരിഹാരം എന്താണ്?

നസീമ വാടാനപ്പള്ളി

ഇന്ന് സമൂഹത്തിൽ എമ്പാടും പ്രശ്നങ്ങളാണ്. പ്രശ്നപരിഹാരത്തിന് നെട്ടോട്ടമോടുന്നവരാണ് ചുറ്റുമുള്ളത്. പല പ്രശ്നങ്ങളുടെയും പരിഹാരത്തിനായി നിയമത്തിനുമേൽ നിയമങ്ങൾ വന്നിട്ടും പലപ്പോഴും പ്രശ്നങ്ങൾ സങ്കീർണമാകുന്ന വിരോധാഭാസവും നാം കാണുന്നു. കാരണമറിഞ്ഞ് ശരിയായ ചികിത്സ നൽകുമ്പോഴേ അത് ഫലപ്പെടുകയുള്ളൂ.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം താൻ ജീവിക്കുന്ന സമൂഹത്തിലെ പ്രശ്നങ്ങൾ അവന്റെകൂടി പ്രശ്നങ്ങളായിരിക്കും. നബി(സ്വ) പ്രവാചകത്വത്തിനു മുമ്പുതന്നെ തന്റെ ജനതയിലെ അധാർമികതകൾ കണ്ടു വേദനിച്ചിരുന്നു. അവിടുത്തെ പാത പിന്തുടരേണ്ടവരാണ് നമ്മൾ.

ഇന്ന് മുസ്‌ലിം സമുദായത്തിനിടയിൽ തന്നെ ഒട്ടേറെ അഭിപ്രായ വ്യത്യാസങ്ങളും വിഭാഗീയതകളും പ്രശ്നങ്ങളുമുണ്ട് എന്നത് യാഥാർഥ്യമാണ്. തൗഹീദിന്റെ വിളംബരമുൾക്കൊള്ളുന്ന ബാങ്കുവിളിയുയരുന്ന പള്ളികളിൽ പോലും ഖബ്‌റുകൾ കെട്ടിപ്പൊക്കി അതിനകത്ത് മറമാടപ്പെട്ടവരോടു പ്രാർഥിക്കുന്നു, അവരുടെ തൃപ്തിക്കായി നേർച്ച വഴിപാടുകൾ നടത്തുന്നു. ഓണവും ക്രിസ്മസും നബിദിനവും പെരുന്നാളുമെല്ലാം എന്തെന്ന് ഇന്നും തിരിഞ്ഞിട്ടില്ലാത്ത മുസ്‌ലിം ഉമ്മത്ത്! തൗഹീദും ശിർക്കും തിരിയാത്ത, സുന്നത്തും ബിദ്അത്തും മനസ്സിലാകാത്ത വിഭാഗത്തോട് ആത്മീയ ചൂഷണങ്ങളെക്കുറിച്ചു പറഞ്ഞിട്ട് എന്തു ഫലം? നബിദിനാഘോഷം അനാചാരമാണെന്ന് വ്യക്തമാക്കിക്കൊടുക്കുന്തോറും വാശി തീർക്കും പോലെ അത് ഓരോ വർഷവും കൊഴുപ്പുകൂട്ടി ആഘോഷിക്കുകയാണ്. കല്യാണങ്ങൾ കോപ്രായങ്ങളുടെ വേദിയായി മാറുന്നു.

എവിടെയാണ് പ്രശ്നം?

തട്ടമിട്ട പെൺകുട്ടി തട്ടമിടാൻ കൽപിച്ച റബ്ബിനെ തിരിച്ചറിഞ്ഞിട്ടില്ല. ബഹുദൈവാരാധനയിൽ അധിഷ്ഠിതമായ ആഘോഷങ്ങളുടെ ഭാഗമായി മാറുന്ന വിശ്വാസിക്കറിയില്ല അത് പ്രവാചകൻ(സ്വ) വിലക്കിയതാണെന്ന്. മഖ്ബറകളിൽ ചെന്ന് ആഗ്രഹ സഫലീകരണത്തിനായി തേടുന്നവർ മരിച്ചവർ കേൾക്കില്ലെന്ന സത്യം അറിയാത്തവരോ കേൾക്കുമെന്നും അതിവേഗത്തിൽ ഉത്തരം ലഭിക്കുമെന്നും പറഞ്ഞു പറ്റിക്കപ്പെട്ടവരൊ ആയേക്കാം.

ഏറ്റവും വലിയ അജ്ഞത സ്രഷ്ടാവിനെക്കുറിച്ചുള്ള അജ്ഞതയാണ് എന്നതിൽ തർക്കമില്ല. ഈ ഒരു അജ്ഞതക്കുമേൽ ജീവിക്കുന്ന മുസ്‌ലിം സമുദായത്തെ കണ്ടിട്ടാണ് ഇതരമതസ്ഥർ ഇസ്‌ലാമിനെ മനസ്സിലാക്കുന്നത് എന്ന കാര്യം ഓർക്കുക.

“അല്ലാഹുവെ കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു” (ക്വുർആൻ 22:74). ഇതാണ് പ്രശ്നത്തിന്റെ മൂലകാരണം. സ്രഷ്ടാവിനെ അറിയേണ്ടതു പോലെ അറിയണം. എങ്കിലേ മതത്തിന്റെ വിധിവിലക്കുകൾ പാലിച്ചു ജീവിക്കാൻ കഴിയൂ. അല്ലാഹു കൽപിക്കുന്നു: “ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക” (ക്വുർആൻ 47:19).

മുസ്‌ലിം സമുദായത്തിന് ഈ തിരിച്ചറിവ് അന്യമായിരിക്കെ എങ്ങനെ മഖ്ബറകൾ ആരാധനാ കേന്ദ്രങ്ങളാകാതിരിക്കും? എങ്ങനെ ഹറാമുകളിൽനിന്നും അകലം പാലിക്കും? നബി(സ്വ) 23 വർഷത്തെ പ്രബോധന മാർഗത്തിൽ കൂടുതലായും പഠിപ്പിച്ചത് അല്ലാഹുവിനെക്കുറിച്ചും പരലോകത്തെക്കുറിച്ചുമായിരുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള ദൃഢബോധ്യമാണ്, അവന്റെ കൽപനകളെക്കാൾ വലുതായി മറ്റൊന്നില്ല എന്ന തിരിച്ചറിവിലേക്ക് സ്വഹാബത്തിനെ എത്തിച്ചത്. ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi


WISDOM BOOKS
Dealing With
DOUBTS
A RATIONAL RESPONSE
RAIHAN SHAHEED
DEALING WITH
DOUBTS
A RATIONAL RESPONSE
RAIHAN SHAHEED
WHY does Islam say NO to things the modern world says YES to?
does it challenge what the world calls "freedom" and "progress"?
In a time flooded with skepticism, accusations, and fake news, this book cuts through the chaos with reasoned clarity. Dealing with Doubts confronts the most asked and most misunderstood questions about Islam head-on. From the charge that Islam is violent or oppressive, to deeper concerns about suffering, divine justice, and free will, this work offers clear, concise, and intellectually satisfying answers rooted in Islamic tradition and rational inquiry.
Whether you are a Muslim seeking to strengthen your conviction, a curious non-Muslim exploring Islam, or a skeptic with tough questions, this book is yours. It doesn't shy away from topics like polygamy, slavery, hell, or women's rights, it meets them directly with honesty and depth.
WISDOM BOOKS
₹270
WISDOM BOOKS
HELLFIRE
SLAVERY
WHY SUFFERING?
JIHAD!
HUDOOD
WOMEN IN ISLAM
ISLAM IS VIOLENT?
HOMOSEXUALITY
HARAM & HALAL
POLYGAMY?
DEALING WITH
DOUBTS
A RATIONAL RESPONSE
RAIHAN SHAHEED
~~₹270~~
₹220
Book Your Copy Now
+91 73567 66478
Dealing with Doubts confronts the most asked and most misunderstood questions about Islam head-on. This work offers clear, concise, and intellectually satisfying answers rooted in Islamic tradition and rational inquiry.
free delivery

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 12 September 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

പുറത്തിറങ്ങി..!!!

## ഇസ്‌ലാമിൽ സ്ത്രീയുടെ സ്ഥാനമെന്ത്?
## അനന്തരാവകാശത്തിൽ അനീതിയോ?
## സ്ത്രീയുടെ അവകാശങ്ങൾ?

ഇസ്‌ലാമിലെ സ്ത്രീ ആദരവിന്റെ
വിവിധ വശങ്ങൾ വിശദീകരിക്കുന്ന കൃതി!







Mob: +91 7356 766 478

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram
Kozhikode 673 002
www.wisdombooksonline.com